
പുസ്തകം II.
ലക്കം. 11.

വില 2ണ.

1112 കന്നി 18_ാംന-
1937 ഒക്ടോബർ 4_ാംന-




സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം .

	വിഷയം.	വശം.
1	ഹാസ്യാഞ്ജലി (പദ്യം)—ഡി. എസ്സ്'.	321
2	വൃത്താന്തരഹസ്യം.	322
3	സഖാവെങ്ങോട്ട്?	323
4	ഞങ്ങളുടെ കൊച്ചിക്കത്ത്.	324
5	കോമാളികൾ തമ്മിൽ (ചിത്രം)—എം. ബി.	325
6	വിപ്ലവാവ്വന (പദ്യം)—ചേമഞ്ചേരി.	,,
7	എന്റാക്കളുടെ പുലിവാൽ.	326
8	ചെട്ടിയും അപ്പുങ്കാളയും (പദ്യം)—പങ്ങശ്ശൻ.	329
9	അന്യായ്യാനുകരണം ചിത്രം)—എം. ബി.	331
10	സഖാവിന്റെ ആത്മഗതം (II)	332
11	ഹിറ്റ്ലരും മുസ്സോളിനിയും, അഥവാ, പൂവും ചന്ദനവും.	334
12	കണ്ണിൽക്കലങ്ങിയ കവിത (പദ്യം)—മാധവജി.	335
13	സ്വഭാവചിത്രാവലി III.	
	പണ്ഡിത് ജവഹർലാൽ—മൂത്തി.	336
14	സഞ്ജയഭാഷണം.	337
15	സഞ്ജയന്റെ എഴുത്തുപെട്ടി.	339
16	കുട്ടികളെന്തറിഞ്ഞു? (പൊടിക്കൈ.)	341
17	ജനാർദ്ദനൻപിള്ളയുടെ പ്രണയലേഖനം.	,,
18	പരസ്യമേ, പരസ്യം! (പദ്യം.)—പരസ്യമഹാകവി.	342
19	ബാലപങ്ക്തി.	
	അവാലന്റെ പ്രസംഗം.	,,
20	കുട്ടികൾക്കുവേണ്ടി (ചിത്രം.)—മൂത്തി.	344
21	ആമത്ക്കായും റഷ്യൻ സോഷ്യലിസവും.	345
22	സാത്യകിക്കുത്തരം.	346
23	കവിവാക്യചിത്രാവലി. ഫ. (ചിത്രം.)—എം. ബി.	348
24	ഉത്തരം!—കണ്ണേട്ടൻ.	349
25	പുരുഷന്മാരോട് രണ്ടുവാക്ക്.—ഒരു പുരുഷൻ.	350
26	മണ്ണൻവാഴ (പദ്യം.)—മൂസ്സത്.	351
27	കരടകൻ.	,,
28	ഞങ്ങളുടെ വായനമുറി.	
	i. ജീൻ വാൽ ജീൻ.	352
	ii. സരോജിനി നായഡു.	,,

പ ര സ്യ ര ഹ സ്യ ം !



'സഞ്ജയ'ന്റെ പരസ്യക്കുലി സാധാരണയിൽ അല്പം കവിഞ്ഞതാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ, അതിനുള്ള സമാധാനം ഈ ചിത്രത്തിലുണ്ടുള്ളത്. സഞ്ജയ'ന്റെ ഒരു കോപ്പി ചുരുങ്ങിയത്, ശരാശരി, പത്താളുകൾ കാണുന്നു. അയ്യായിരം വായനക്കാർ വീതമുള്ള എട്ടു വൃത്താന്തപത്രങ്ങളുടെ പരസ്യച്ചാഞ്ഞുകൾ ഒരുമിച്ചുകൂട്ടി, ആ തോതിനെ ഞങ്ങളുടെ നിരക്കുമായി തട്ടിച്ചുനോക്കുമ്പോളാണ് സഞ്ജയന്റെ ചാർജ് എത്ര മിതമാണെന്ന് നിങ്ങൾക്ക് മനസ്സിലാവുക.

എവിടെ — ?

(മഹാകവി ടാഗോറിനോട് ക്ഷമാപണം.)

എവിടെ കച്ചവടമെന്ന പേരിൽ വഞ്ചന നടക്കാതിരിക്കുന്നു;

എവിടെ കമ്പോളത്തിൽ കിട്ടാവുന്നതിൽ മേത്തരം ചരക്ക് സഹായവിലക്ക് വിൽക്കപ്പെടുന്നു;

എവിടെ ചന്ദ്രരശ്മിയെപ്പോലെയുള്ള നൂലും, കണ്ണു മയക്കുന്ന തങ്കക്കസവും ഒത്തുചേർന്ന നേർമ്മവസ്ത്രങ്ങൾ കല്യാണാംഗികളുടെ കരൾ കവരുന്നു;

എവിടെ ആരെപ്പോൾ ചെന്നാലും ന്യായമായി നിശ്ചയിക്കപ്പെട്ട വിലയിൽ യാതൊരു മാറ്റവും കാണപ്പെടാതിരിക്കുന്നു;

അവിടെ—ആ കോറനാട്—കാഞ്ചീവരം സിൽക്ക് എൻറ് സാരി എംപോറിയത്തിലേക്ക്—തുണിച്ചരക്കു വാങ്ങുവാനുദ്ദേശിക്കുന്ന നിങ്ങളുടെ ശ്രദ്ധ ആകർഷിക്കപ്പെടട്ടെ!

കോറനാട്—കാഞ്ചീവരം സിൽക്ക്
എൻറ് സാരി എംപോറിയം,
(ഡട്ട് എൻറ് കമ്പനി എടപ്പ്.)
മിഠായിത്തെരു—കോഴിക്കോട്.

ഹാസ്യാഞ്ജലി.


(നതോന്നത.)

ചിരിക്കുവിനൊരിക്കലെൻ സഹജരേ! സഖാക്കളേ!
ചിരിയാൽത്താൻ മനുഷ്യനു മൃഗേതരത്വം!

സാഹിത്യത്തെപ്പോലും ചളിക്കുണ്ടിലാഴ്ത്തിക്കിടത്തുവാൻ
മോഹിച്ചീടും ജീവത്സാഹിത്യാചാര്യന്മാരേ!
പരസ്പരസ്പർദ്ധയിലാണ്ടലകത്തിന്നവശതാ–
പരീഹാരമെന്നു കണുക്ഷോഭം ചെയ്യോരേ!
വിദ്വേഷക്കാറ്റതിയ്യതി വിപ്ലവത്തീജ്വലിപ്പിയ്ക്കാ–
നുദ്യോഗിക്കുമീച്ചപ്പൊടിത്തലച്ചോറരേ!
പട്ടിണിതൻ പൊറതിക്കായ് നിണക്കൊടി പറപ്പിച്ച
പട്ടണപ്രദക്ഷിണത്തിന്നൊരുങ്ങുവോരേ!
സോദരരേ! (മഹാകവി പറഞ്ഞതുപോൽ) പതിയ്ക്കുല്ലേ,
'സോദരം ഭരികളായിത്തിയ്യുഗർഗത്തിൽ!'

ചിരിക്കുവിനൊരിക്കലെൻ സഹജരേ! സഖാക്കളേ!
ചിരിയാൽത്താൻ മനുഷ്യനു മൃഗേതരത്വം!

പി. എസ്സ്.



പരീക്ഷാസപ്തതുഷ്പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം; ശകാരം മുള്ളുതാൻ.

വൃത്താന്തരഹസ്യം.

അലഹബാദിൽവെച്ച്, ഈയിടെ, തന്നെ എതിരേല്ക്കുവാൻ ചെന്ന ഒരുകൂട്ടം സഖാക്കളുടെ കൈയിൽനിന്ന് പണ്ഡിത് ജവഹർലാൽ സോവിയറ്റ് നിണക്കൊടി പിടിച്ചുപറ്റി, അതിനെ മീതെ സ്വരാജ്യപതാക ഉയർത്തിപ്പിടിച്ചതായി അറിയുന്നു.

മലബാറിലെ ചില സഖാക്കളുടെ ഉത്തരം മുട്ടിയതുകൊണ്ടുള്ള പല്ലിവാൽ ഞങ്ങൾ സുവ്യക്തമായി കേൾക്കുന്നു!

* * * * *

ഇനിയത്തെ അഖിലലോക (ഓളിംപിക്) കായികാഭ്യാസപ്രദർശനം 1940-ൽ ജാപ്പാന്റെ തലസ്ഥാനമായ ടോക്കിയോ നഗരത്തിൽവെച്ചാണ് നടത്തപ്പെടുക.

'ചീനക്കുതിരകയറാം' അന്നത്തെ വിനോദവകുപ്പിൽപ്പെട്ട ഒരിനമായിരിക്കുമെന്ന് പ്രസ്താവമുണ്ട്.

* * * * *

"ഒരു ലോകമഹായുദ്ധം കൂടി വന്നുകഴിഞ്ഞാൽ മാത്രമേ യൂറോപ്പിലെ ജനനേതാക്കന്മാരുടെ കണ്ണുതെളിയുകയുള്ളൂ" എന്നു ഒരിംഗ്ലീഷു ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

"—അവരുടെ തല ബാക്കിയുണ്ടെങ്കിൽ" എന്നുകൂടി അദ്ദേഹം ചേർക്കേണ്ടതായിരുന്നു.

* * * * *

ശാസ്ത്രീയഗവേഷണങ്ങളുടെ ഫലമായി, സോവിയറ്റ് റഷ്യയിൽ മഹാരോഗങ്ങൾ നിമിത്തമുള്ള മരണത്തുക വളരെ കുറഞ്ഞിട്ടുണ്ടെന്നോ റിയുന്നു.

അചിരേണ, രഹസ്യപ്പോലീസ്സിന്റെ റിപ്പോർട്ട് മാത്രമായിരിക്കും റഷ്യയിലെ ഏകമരണഹേതുവെന്ന് ഊഹിയ്ക്കപ്പെടുന്നു.

* * * * *

നൂറു വയസ്സിലേറെ പ്രായംചെന്നവർ ഏറ്റവും അധികമുള്ള രാജ്യം 'ബൾഗേറിയ' ആണത്രെ.

പ്രസ്തുതരാജ്യത്തിന്റെ പേര്, ഈ സ്ഥിതി പ്രമാണിച്ച്, 'വയസ്സേറിയ' എന്നാക്കി മാറേണ്ടതാണെന്ന് ഞങ്ങൾ ശിപാർശചെയ്യുന്നു.

* * * * *

ഫ്രാൻസിന്റെ വടക്കുകിഴക്കെ അതിർത്തിയിൽ അഗ്നിജ്വാലകൊണ്ട് ഒരു മതിൽ നിർമ്മിക്കുവാൻ ഫ്രഞ്ചു ശാസ്ത്രജ്ഞന്മാർ ഒരുക്കങ്ങൾ ചെയ്തുവരുന്നു.

മഴപെയ്യിച്ചുകൊണ്ട് പറക്കുന്ന കുറെ വിമാനങ്ങൾ നിർമ്മിക്കുവാൻ ജർമ്മൻ ശാസ്ത്രജ്ഞന്മാരോട് ഹിറ്റ്ലർ ആജ്ഞാപിച്ചിട്ടുണ്ടെന്ന് ഒരു കിംവദന്തി കേൾക്കുന്നു.

* * * * *

അസൂയ ചികിത്സകൊണ്ട് നിശ്ശേഷം മാറാവുന്ന ഒരു മാനസികവ്യാധിയാണെന്ന് ചില വൈദ്യഗവേഷകന്മാർ കണ്ടുപിടിച്ചിരിക്കുന്നു.

കഷ്ടമിക്കൂട്ടർ അവർ ഒരു മരുന്ന് കണ്ടുപിടിച്ചാൽ മലയാളത്തിലെ നല്ല ഒരു പഴഞ്ചൊല്ല് പാഴായ്പ്പോകുമല്ലോ എന്നാണ് ഞങ്ങളുടെ വ്യസനം!

* * * * *

കലാകാരന്മാർ തങ്ങളുടെ സങ്കല്പലോകങ്ങളിൽ നിന്ന് കീഴ്പോട്ട് ഇറങ്ങിവന്നുകൊള്ളണമെന്ന് ഇതിനിടെ കിഴക്കാണിയിൽ വെച്ച് ഒരു ജീവത്സാഹിത്യാചാര്യൻ കല്പിച്ചിരിക്കുന്നുവത്രെ.

ചളി പാരിയെറിഞ്ഞാൽ എത്തുന്ന ഉയരത്തിൽ നിൽക്കുന്ന കലാകാരന്മാർ മേപ്പടി ആചാര്യൻ ഇരിക്കുന്നിടത്തേക്ക് വേഗത്തിലിറങ്ങുന്നത് നന്നായിരിക്കും!

* * * * *

'ചിത്രയോഗം' മഹാകാവ്യത്തിനുള്ള ഏകദോഷം അതിനു പേരിട്ടതിൽ മഹാകവിക്കു പറ്റിപ്പോയ 'അറ്റാക്കൈന്ന അപഖ്യാതിക്ക് ഈ ലക്കത്തിൽ 348-ാം പെയ്ജിലുള്ള ചിത്രം വഴിവെച്ചു കൊടുക്കുമോ എന്ന് ഞങ്ങൾക്ക് ശങ്കയായിത്തുടങ്ങിയിരിക്കുന്നു!

സഖാവെങ്ങോട്ട്?

സഖാവേ, ഒരു മിനുട്ടവിടെ നിൽക്കൂ!.....ഉവ്വുവ്വ്; തിരക്കുണ്ടെന്ന് എനിക്ക് മനസ്സിലായി. ഇന്ത്യൻ വിപ്ലവത്തിന്റെ നേതാക്കന്മാരെന്ന പ്രശസ്തി താങ്കൾക്കും കൂട്ടുകാർക്കും നേടിത്തരുവാൻ വേണ്ടി, നിങ്ങളുടെ ഉദ്ദേശ്യങ്ങളുടെ ഉള്ളുകള്ളിയറിയാതെ, പണിമുടക്കി പുറത്തിറങ്ങി പട്ടിണിയിട്ടു കഴുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഇടയിൽ, അവരെ കത്തികൊണ്ട് കുത്തി മുറിയേല്പിക്കുവാൻ ആളെ നിത്തീട്ടുണ്ടെന്നും മറ്റുമുള്ള പച്ചക്കളവുകൾ പറഞ്ഞു പരത്തി ലഹളയുണ്ടാക്കുവാനുള്ള തിരക്കല്ലേ? അരപ്പട്ടിണി പരിഹരിക്കുവാൻ പുറത്തിറങ്ങിയവരെയും. മുഴുപ്പട്ടിണിയുടെ തള്ളേറ്റ അകത്തുകടന്നവരെയും തമ്മിൽത്തല്ലിച്ച് ചോരയൊഴുകുന്ന കാഴ്ച നോക്കി, റഷ്യൻ നിണക്കൊടിയുടെ വിജയമോർത്ത് അഭിമാനം കൊള്ളുവാനുള്ള തിരക്കല്ലേ? അതിന് ഇനിയും സമയമില്ലേ, സഖാവേ? ഒരൊറ വാക്കു പറഞ്ഞോട്ടെ!

രാജ്യത്തിലെ മുതലെടുപ്പ് മുതലാളികളുടെ കുത്തകയല്ല, എന്നല്ലേ സോഷ്യലിസ്റ്റുകാരുടെ സിദ്ധാന്തം? ഞാൻ അനുകൂലിക്കുന്നു; അതു ന്യായംതന്നെ. പക്ഷെ പട്ടിണിക്കാരോടുള്ള അനുകമ്പ ഏതാൻ ചില സഖാക്കളുടെ കുത്തകയാണെന്ന താങ്കളുടെ ഭീമമായ തെറ്റിദ്ധാരണയും ഒന്നു മാറ്റിവെച്ചാൽ നന്നായിരിക്കും! രാജ്യത്തിലെ ഭിന്നവർഗങ്ങളെ അകറ്റിത്തന്നെ നിത്തി, ഒരു വർഗക്കാരുടെ കൈയിൽ ചുകപ്പുകൊടി പിടിപ്പിച്ച്, 'നശിക്കട്ടെ!'–ഗർജനങ്ങൾ മുഴക്കിക്കൊണ്ട്, നഗരം ചുറ്റുവാനും, അങ്ങിനെ സ്വർഗ്ഗയും, രാക്ഷസവിഹാരങ്ങളും വർദ്ധിപ്പിച്ച്, ഒടുക്കം നാടെങ്ങും ചോരപ്പുഴകളൊലിക്കുന്നതു കണ്ട് സംതൃപ്തിയടയുവാനും എന്റെ അനുകമ്പ എന്നെ പ്രേരിപ്പിക്കുന്നില്ലായിരിക്കാം! ഈ നിണത്തോട്ടുള്ള വെറുപ്പ് എന്റെ ബൂർഷ്വാ മനഃസ്ഥിതിയുടേയും, 'ഗാന്ധിസ'ത്തിന്റെയും ഫലമാണെന്ന് ഞാൻ ലജ്ജിക്കാതെ സമ്മതിക്കുന്നു! പക്ഷെ താങ്കളുടെ പിന്നാലെ നടന്നാൽ തങ്ങളുടെ അവശതകൾക്ക് പരിഹാരം കിട്ടുമെന്ന് വിശ്വസിക്കുന്ന പാവങ്ങൾ ഇതിന്റെയൊക്കെ അവസാനഫലം ശരിയായറിഞ്ഞുവരാനോ എന്നു ഞാൻ സംശയിക്കുന്നു; അറിഞ്ഞുപോയെങ്കിൽ, എന്റെ സഖാവ് ഇത്ര ധൈര്യത്തോടുകൂടി അവരുടെ ഇടയിൽ നടക്കുമോ എന്നും ഞാൻ ശങ്കിക്കുന്നു.

പട്ടിണിയുടെ പരിഹാരം പരക്കെയുള്ള കൊള്ളയും, തീവെപ്പും, കൂട്ടക്കൊലയുമാണെന്ന ഭയങ്കരസിദ്ധാന്തം ലോകത്തിൽ ഇറക്കുമതി ചെയ്ത സോവിയറുടെ നരകത്തിലെ കലികൊണ്ടലറിപ്പായുന്ന നിണപ്പിശാചുക്കളുടെ പിന്നാലെ ഒരു ഭാരതീയനായ ഞാൻ നടക്കുകയില്ലെന്നു പറഞ്ഞാൽ, ഞാൻ പട്ടിണിക്കാരുടെ എതിരാളിയും, മുതലാളികളുടെ ഏജന്റുമാണ് എന്നാണോ, എന്റെ പൊന്നുസഖാവേ, അതിന്റെ അർത്ഥം? ഈ ചോരപ്പുഴ നീന്തിക്കടന്ന റഷ്യയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് തൊഴിലാളികളോട് തുറന്നു പറയാൻ താങ്കൾക്ക് ധൈര്യമുണ്ടോ, സഖാവേ? പത്തു കൊല്ലത്തിനും മുമ്പ്, താങ്കളെപ്പോലെ, ചുകന്ന കൊടി പിടിച്ച് വിപ്ലവഗർജനം മുഴക്കിനടന്ന തൊഴിലാളിനേതാക്കന്മാരെയാണ് ഇന്ന്, അവിടെ, കക്കടകത്തിലെ തകരപോലെ, ആയിരക്കണക്കായി, രാജ്യദ്രോഹികളെന്ന ചാർജിന്മേൽ അറിഞ്ഞുതള്ളുന്നതെന്ന കഥ താങ്കളെങ്കിലും അറിയുമോ, സഖാവേ?.....അയ്യോ, സഖാവേ,

നേതാവു, നേതാവെ'ന്നുള്ളൊരു കീർത്തിക്കാ–
ണേതാവത്താകും നിൻ യത്നമെല്ലാം!'

ഈ അനിഷ്ടവാസ്തവം ഞാൻ തൊഴിലാളികളോടു പറയുന്നതുകൊണ്ടല്ലേ, സഖാവേ, ഞാൻ നിങ്ങൾക്ക് ദ്വേഷ്യപ്രേക്ഷ്യനായിത്തീർന്നിരിക്കുന്നത്?

എന്റെ വയറു നിറയുവാൻ മറ്റൊരാളുടെ കഴുത്തു കൊയ്യുന്നതിലും ഭേദം പട്ടിണിയിട്ടു മരിക്കുകയായിരിക്കുമെന്ന് ഞാൻ തീച്ചപ്പെടുത്തിയതുകൊണ്ടും; അതിലിടക്ക്, കുറുക്കുവഴിയിൽക്കൂടി, നേതൃത്വക്കൊട്ടമുടിയിലേക്ക് പാഞ്ഞു കയറുവാൻ ഉദ്ദേശിക്കുന്ന താങ്കളുടെ ചെമ്പു വെളിച്ചത്താക്കുവാൻ ഞാൻ ഒരുങ്ങിയതുകൊണ്ടും; വിപ്ലവം പൊട്ടിപ്പുറപ്പെടുന്ന ശുഭമുഹൂർത്തത്തിൽ എന്റെ തല കാണുകയില്ലെന്നല്ലേ, സഖാവേ' എന്നോടുള്ള താക്കീത്? 'ചിത്രമിബ് ഭീഷണിയെൻ സഖാവേ! താങ്കളെപ്പോലെയുള്ളവരുടെ ഭരണത്തിൻകീഴിൽ ഒരു നിമിഷംപോലുമിരിക്കുവാനിടയാക്കാതെ തലയെടുത്തുകളയുന്നതിൽപ്പരം ബഹുമാനപൂർവമായ എന്തൊരുപകാരമാണ്, സഖാവേ, എനിക്കുവേണ്ടി ചെയ്യാൻ താങ്കൾക്കു സാധിക്കുക? എന്റെ തല ഒരു മൺചട്ടിയിൽ വെച്ച്, സോവിയറ് ഇന്ത്യയുടെ ഡിക്ടേറർ പദവിയെ അധിരോഹണം ചെയ്തിരിക്കുന്ന താങ്കളുടെ മുമ്പാകെ കാഴ്ചയായി വെക്കുവാൻ സാധിക്കേണ്ടിയിരുന്നു! എന്നാണ് എന്റെ മോഹം. പക്ഷെ അതു സാധിക്കുമെന്നു തോന്നുന്നില്ല: തീരെ തലയില്ലാതെ പ്രവർത്തിക്കുവാനുള്ള തന്ത്രം ഞങ്ങൾക്ക് ഇന്നും അജ്ഞാതമായിത്തന്നെയിരിക്കുന്നു! ഇനിപ്പോകാം, സഖാവേ! 'സമരമനഃസ്ഥിതി സൃഷ്ടിച്ച്, നാട്ടു കുട്ടിച്ചോറാക്കുകയെന്ന സൽപ്രവൃത്തിയിൽ ഞാൻ താങ്കളെ തടയുന്നില്ല. സലാം!

ഞങ്ങളുടെ കൊച്ചിക്കത്ത്.

പ്രിയപ്പെട്ട പി. എസ്സ്.


ഇവിടെ എന്നു പറഞ്ഞെങ്കിൽ ഈ കൊച്ചി രാജ്യത്തിൽ എന്നുവെച്ചാൽ ഏർണാകുളത്തിൽ നടക്കുന്ന ചില നേരംപോക്കുകളും നമ്മളും എഴുതിയാൽ ഇതെല്ലാം വളരെ അസ്സൽ കളവുതന്നെ ഇവൻ ഇങ്ങിനെ യാതൊരു കോട്ടം മറവും ഇല്ലാതെ കളവ് തന്നെ എഴുതി അയക്കുന്നല്ലോ മഹാകഷ്ടം എന്നു നിങ്ങളും നമ്മളെ അറിവുള്ളതുകൊണ്ട് ഒരു സമയം ദയവായി വിചാരിച്ചില്ലെങ്കിൽ മറവുള്ളവർ വിചാരിക്കും തീച്ച.

എന്നുവെച്ചാൽ ഞാൻ പറയുന്നത് ഇവിടെ ഒരു 'ആദിത്യ'സംഘമെന്നോ 'ആദിതേയ'സംഘമെന്നോ മറേറാ പറഞ്ഞിട്ട് ഒരു സംഘം ചിലരെല്ലാംകൂടി ഏഷ്ടാട്ടചെയ്ത നിങ്ങളും നമ്മളുടെ കൊച്ചികടലാസ്സുകളിൽ കണ്ടിട്ടുണ്ടായിരിക്കുമല്ലോ പേരു കേട്ട് നമ്മളും ആദ്യം വളരെ അമ്പരന്നുപോയപ്പാ പല സംഘങ്ങളും നമ്മളും കേട്ടിട്ടുണ്ട് ഇതെന്തു മാരണമപ്പാ ഈ ആദിതേയസംഘം എന്നു വിചാരിച്ച് നമ്മളും ചിലരോടെല്ലാം ചോദിച്ചപ്പോളല്ലേ രസം ഈ സംഘം നമ്മളുടെ ദിവാനുവേണ്ടി പാവപ്പെട്ടവർക്ക് അരി ഉപ്പു വെളിച്ചെണ്ണ എന്ന മൂന്നു സാധനം കൊടുക്കുവാൻ വേണ്ടിയുള്ള സംഘമാണെന്നു പറഞ്ഞു നമ്മളുടെ ഇടയിൽ വളരെ പാപം ചെയ്തവർ വലിയ രോഗം മറവും പിടിപെട്ട് ചാവാൻ കിടക്കുമ്പോളും മാരണം അവരുടെ മക്കളും മരുമക്കളെല്ലാം കൂടിച്ചേന്ന് ചില സാമാനങ്ങളും ദാനം ചെയ്യുമല്ലോ എന്നാൽ കഷ്ടം ഈ ദിവാൻ എന്തു പാപം ചെയ്തിട്ടുണ്ട് അല്ലെങ്കിൽ ഇത് ഇയ്യാളും ഒരു അഞ്ഞൂറുകൊല്ലും ജീവിച്ചിരിക്കുവാൻ വേണ്ടിയായിരിക്കും നല്ലതുതന്നെ നമ്മളുംക്ക് വിരോധമില്ല അഞ്ഞൂറല്ല അയ്യായിരം കൊല്ലും ജീവിക്കട്ടെയപ്പാ പക്ഷെ അയ്യായിരം കൊല്ലവും ഈ രാജ്യത്ത ദിവാനായിപ്പോയെങ്കിൽ നമ്മളുടെ കായ്യം ശരിയായിപ്പോയി എന്നാലും സാരമില്ല നമ്മളും അതിനുമുമ്പ് മരിച്ചുപോകുമെന്നത് തന്നെ വലിയ ആശ്വാസം പക്ഷെ ഇതെല്ലാം ഒരു തരം വലിയ ഗോഷ്ടിതന്നെ എന്ന് ഈ സംഘക്കാർ മനസ്സിലാക്കീട്ടില്ലെങ്കിൽ ദിവാനെങ്കിലും മനസ്സിലാക്കേണ്ടേ ഇയ്യാളും കുറെയൊക്കെ പഠിച്ചിട്ടും മറവുണ്ടല്ലോ ഇതെല്ലാം അയ്യാളെക്കുറിച്ച് ഈ കൊച്ചിറാജ്യത്തുള്ള ഭക്തിയും സ്നേഹവും ചെയ്തിക്കുന്നതാണെന്ന് ഇഷ്ടൻ വിചാരിക്കുന്നു വളരെ കഷ്ടം

എന്നാൽ ഇതെല്ലാം പറഞ്ഞാലും കേട്ടോ ഈ നമ്മളുടെ ദിവാൻ തീരെ നമ്മളും വിചാരിച്ചപോലെയല്ല ചിലപ്പോളെല്ലാം ഇയ്യാംക്ക കുറേശ്ശ കായ്യം തിരിയുന്നുണ്ട് പാവം ഇതിനിടെ പറയുകയാണ് കൊച്ചിക്കാർ നല്ല റസികന്മാർ തന്നെ അവരുടെ ദിവാൻജിമാർ എത്ര കെട്ടവരെങ്കിലും നല്ലവരെങ്കിലും ആദ്യം വളരെയെല്ലാം ബഹുമാനിക്കും പിന്നെ ഒടുക്കം പോകുമ്പോളും കടന്നു പോ ഇങ്ങിനെയൊരു ശനിയൻ ഇവിടെ കാലെടുത്തുവെച്ചിട്ടില്ല ഇനി നീ ഇവിടെ വന്നെങ്കിൽത്തന്നെ അതിന്റെ അപ്പുറം പറയാം എന്നു പറയും ഇങ്ങിനെ ഏതാണ്ടൊക്കെ അർത്ഥമായ ഒരു വാചകം ദിവാൻജി പറഞ്ഞു ഒരു സമയം ഈ അരിയും ഉപ്പും വെളിച്ചെണ്ണയും കൊടുക്കുന്നതു കണ്ടിട്ടു പറഞ്ഞതോ എന്നു നമ്മളും അറിയുകയില്ല അല്ലെങ്കിൽ നമ്മളുടെ ആദിതേയസംഘം ആ വഴിപാടു ചെയ്യുമ്പോളും മനസ്സിൽ നേന്നത് എന്തെന്ന് വിചാരിക്കാൻ നമ്മളുംക്കാക്കും സാധിക്കുകയില്ലല്ലോ അത് അവരും ദൈവം തന്നെയും മാത്രമല്ലേ അറിയുകയുള്ളു എങ്ങിനെയോ അപ്പാ നമ്മളും ഒന്നും പറഞ്ഞില്ല പിന്നെ ഞങ്ങളും ദിവാൻജിയോടുള്ള വളരെ ഭക്തികൊണ്ടുതന്നെ ചെയ്തതിന്ന് ആ കുറത്തംകെട്ടവൻ വന്ന് കുസൃതി കാരണം പറഞ്ഞു എന്ന് ആരും പാടയുണ്ടല്ലോ നമ്മളുംക്ക് അവർ എന്തു വിചാരിച്ചാൽ എന്ത് എന്തു ചെയ്താൽ എന്ത് ഒന്നുമില്ല.

പിന്നെ നിങ്ങളുടെ മലബാറിൽ ഒരു കൂട്ടരുണ്ടല്ലോ മാരണം ക്ഷേത്രകായ്യങ്ങളിലും മറവും വലിയ പുരോഹിതന്മാർ എന്തോ ഒരുതരം പ്രാക്കളാണെന്നു ചിലർ പറയുന്നു ഒരു സമയം അങ്ങിനെ വിളിക്കുന്നതായിരിക്കും എന്തോ ആകട്ടെ അവരുടെ തലവൻ പ്രാക്കളും അവർണർ ദേവസ്ഥാനത്തു കടക്കുന്നതിനെപ്പറ്റി അതെല്ലാം വേണ്ടതുതന്നെ നമ്മളുംക്ക വളരെ സന്തോഷം എന്നു പറഞ്ഞ കായ്യത്തിൽ ഇവിടെ വലിയ തമാഷകളും നടക്കുന്നു പലരും പലതും പറയുന്നുണ്ട് അതെല്ലാം നമ്മളും പിന്നെ എഴുതാം നേരമില്ല വളരെ സലാം എന്ന് പി എസ്സിന്റെ സ്വന്തം ഇഷ്ടൻ

ദേവപ്പ കുക്കിലയാ.



കോമാളികൾ തമ്മിൽ.

ഒരു കോമാളി (മറ്റേ കോമാളിയോട്): — ഇതെങ്ങനെയാണ് ഇതിനെപ്പറ്റി ഇത്രയൊക്കെ ഘോഷം കൂട്ടാനുള്ളത്? നമ്മൾ ശ്രമിച്ചിരുന്നെങ്കിൽ ഇത് നമ്മൾക്കും സാധിക്കുമായിരുന്നില്ലേ, കോമാളീ?

വിപ്ലവാച്ചന.

കാളിദാസപദന്യാസ-
മുദ്ര നോക്കി നടക്കയോ?
കാലം മാറി;—യറിഞ്ഞില്ലേ
കാവ്യകാര, സഖേ, ഭവാൻ?

കാളി, യീശ്വരി;—യാരോസം!
ബൂർഷ്വാവിശ്വാസസന്തതി!
ദാസഭാവമതിന്നിതെ
ലസന്മകുടവും!—മതി!!

അടിമത്തം പുലത്തുന്നൊ-
രന്നാമസ്മൃതിപോലുമേ
വിപ്ലവാച്ചനചെയ്യേണ്ടും
സന്മനസ്സിലുദിക്കൊലാ.

കവികോകിലമേ! ലോകം
കഷ്ടപ്പെട്ടഴലുമ്പൊഴും,
തേന്മാവിൽത്തന്നെ വാഴുന്നു
കാഞ്ഞിരം നോക്കിടാതെ നീ!!

ലോകം കരഞ്ഞിടുന്നേരം
താങ്കൾ നോക്കിച്ചിരിക്കയോ?
ധനിക്കുള്ളൊന്നുതാൻ സൌഖ്യം;
തലക്കെന്തിന്നു തേ സുഖം?

അല്പലിൻ പിന്നിലെസ്സൌഖ്യ-
ത്തിനും നെല്ലിക്ക മാതുക:
തൽപാടപ്പച്ചായയേകും
താങ്കൾക്കായസഞ്ചയം!

ചേമഞ്ചേരി.

എമ്പ്രാക്കളുടെ പുലിവാൽ.

ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ തൃക്കൈവിളയാട്ടത്തോടും, മനവക സിലോട്ടംകൂടി തിരുവിതാംകൂർ ക്ഷേത്രപ്രവേശനവിളംബരത്തിന്നനുകൂലമായി ഒരു പ്രസ്താവന പത്രപങ്ക്തികളിൽ പ്രത്യക്ഷപ്പെട്ടതും; പിന്നീട്, ബ്രഹ്മശ്രീ പ്ലാനിനമൂതിരിമുഖേന എത്തിച്ചേർന്ന ഒരു സന്ദേശസന്ദേശത്തിന്നു മറുപടിയായി, തമ്പ്രാക്കൾ ക്ഷേത്രപ്രവേശനത്തിന്നെതിരാണെന്നു് കുന്നലക്കോനാരെ അറിയിക്കുവാൻവേണ്ടി, തമ്പ്രാക്കളുടെ പേരിൽത്തന്നെ എഴുതപ്പെട്ട ഒരെഴുത്ത് ഒരു കോഴിക്കോടൻ പത്രം പ്രസിദ്ധപ്പെടുത്തിയതും; ഉടനടി മുൻചൊന്ന തൃക്കൈവിളയാട്ടസീലാദികളോടുകൂടിയ പ്രസ്താവനയുടെ ഫോട്ടോപ്പകർപ്പും, അതിൽ തമ്പ്രാക്കൾ, പുണ്ണനസ്സോടുകൂടി, പ്രസന്നവദനനായി ഒപ്പുവെച്ചത് തന്റെ കണ്ണിന്നു മുമ്പാകെയാണെന്ന് പ്രഖ്യാപനം ചെയ്തുകൊണ്ടുള്ള ശ്രീ: ജനാർദ്ദനൻപിള്ള അവർകളുടെയും, ടി. പ്രഖ്യാപനത്തെ ശരിവെക്കുന്ന മനവക കാര്യസ്ഥന്റെയും എഴുത്തുകളും നമ്മുടെ ദിനപത്രങ്ങളിൽ സ്ഥലംപിടിച്ചതും മറ്റും കഴിഞ്ഞിട്ട് ഏറെ ദിവസമായിട്ടില്ലല്ലോ.

ഇതൊക്കെ കണ്ടിട്ടും അല്പമെങ്കിലും കൂടുങ്ങാത്ത ഒരു പുള്ളി ഈ കേരളഭൂമിയിൽ ഇല്ലെന്ന് നിങ്ങളും പറയുകയാണെങ്കിൽ, "ഉണ്ട്; ഞാനുണ്ട്!" എന്ന് ഒരാളെങ്കിലും മറുപടി പറയും: മേപ്പടിയാൻ നിങ്ങളുടെ ഒരേയൊരു സഖാവായ പാ. പു. സഞ്ജയനായിരിക്കുകയേ ചെയ്യും.

ഞാൻ കൂടുങ്ങാത്തതിന്റെ കാരണം മറ്റൊന്നുമല്ല: ആഴ്വാഞ്ചേരിവെച്ചു നടന്നതിൽനിന്ന്, ആന്തരത്തിൽ, തുലോം ഭിന്നമാണെങ്കിലും, ബാഹ്യത്തിൽ, ഏതാണ്ടതുപോലെത്തന്നെയുള്ള ഒരു സംഭവം ചങ്ങലംപരണ്ടയിൽ നടന്നിട്ട് മാസം ഒന്നു തികഞ്ഞിട്ടില്ല; പിന്നെ ഞാനെങ്ങിനെ അത്ഭുതപ്പെടും? കുന്നലക്കോനാർ, മാടമഹീശൻ, വഞ്ചിപ്പുമ്പതി എന്നീ മൂന്നു ഭരണകർത്താക്കളുടെയും മതപുരോഹിതനായി, ആജന്മശ്രുദ്ധ'നായി, വെറും പറയനായ പാക്കനാരിൽനിന്നു കിട്ടിയ 'തമ്പ്രാക്കൾ'ബിരുദത്തെ ഇന്നും അഭിമാനപൂർവ്വം വഹിച്ചിരുന്നവനായ ആഴ്വാഞ്ചേരിത്തമ്പ്രാക്കളുടെ പ്രസ്താവന ഭ്രജാതമായതോടുകൂടി, അതു്, മഹാത്മാഗാന്ധിയുടെ അഭിനന്ദനത്തിന്നുപോലുംപാത്രമാകത്തക്കവിധത്തിൽ, പ്രധാനവും, ഉത്തരേന്ത്യൻ ദിനപത്രങ്ങളിൽക്കൂടി സ്ഥലമർഹിക്കത്തക്കവിധത്തിൽ, പ്രസിദ്ധവുമായിത്തീർന്നത് സ്വാഭാവികം മാത്രമാണല്ലോ. നേരേമറിച്ച്, ഡി. ബോർഡിന്റെ കരുണാദൃഷ്ടി ഇനിയും പതിയാത്ത അപകടകരമായ ഒരു പാലത്തിന്മേൽക്കൂടി നടക്കുവാൻ കരളുറപ്പുള്ള സ്ഥലഗവേഷകന്മാർക്കു മാത്രം പ്രാപ്യമായി, സഞ്ജയന്റെ ജന്മദേശമാണെന്ന മാച്ചാൽ മായാത്ത കളങ്കത്താൽ അങ്കിതമായി, അനഭ്യസ്തവിദ്യരുടെ കേന്ദ്രമായി, യാതൊരു നേതാവോ സഖാവോ കാലെടുത്തുവെക്കുകപോലും ചെയ്യാത്ത ഓണംകേറാമൂലയായി കഴിഞ്ഞുകൂടുന്ന ചങ്ങലംപരണ്ടയിലെ തുപ്പൻഎമ്പ്രാക്കൾ പിടിച്ച പുലിവാലിന്നാകട്ടെ, സഞ്ജയൻ വിചാരിച്ചാൽ നൽകുവാൻ കഴിയുന്ന അല്പപ്രസിദ്ധിയല്ലാതെ മറെറാന്നും കിട്ടുവാനിടയില്ലാത്തതിൽ ആശ്ചര്യപ്പെടുവാനുമില്ലല്ലോ.

തമ്പ്രാക്കളുടെ പുലിവാലും എമ്പ്രാക്കളുടെ പുലിവാലും തമ്മിൽ ആന്തരവ്യത്യാസം വളരെയുണ്ടെന്ന് ഞാൻ സൂചിപ്പിച്ചുവല്ലോ. തമ്പ്രാക്കളുടെ പുലിവാലിന്റെ മുടായി കിടക്കുന്ന ആധ്യാത്മികവും, വൈദികവും, ശാസ്ത്രീയവും, ആചാരപരവും, കാർമികവുമായ ചോദനകളും, സന്ദേഹങ്ങളും, വ്യഗ്രതയും, വിചാരവും, കെട്ടിമറച്ചിലും, കുണ്ടാമണ്ടിയും എന്തൊക്കെയാണെന്ന് ഞാൻ അറിയുകയില്ല എനിക്ക് അറിഞ്ഞിട്ടാവശ്യവുമില്ല; പക്ഷെ അങ്ങിനെയുള്ള ഗൌരവമേറിയ ഭയങ്കരപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തിമാത്രമാണ് മേപ്പടിക്കഴപ്പും തിരിയുന്നതെന്ന് ഞാൻ, തമ്പ്രാക്കൾക്കുവേണ്ടി, തീച്ചയായും വിശ്വസിക്കുന്നു. അങ്ങിനെ വിശ്വസിക്കേണമെന്ന് എന്റെ വായനക്കാരായ നിങ്ങളോടും അപേക്ഷിക്കുകയും, അപേക്ഷ ഫലിക്കുക

യില്ലെങ്കിൽ, താക്കീതുചെയ്യുകയും ചെയ്യുന്നു. അദ്ദേഹം വലിയ ഒരാളല്ലേ, ലക്ഷ്മി—ഓ; തെറ്റി!—ചെറശ്ശേരി?

എന്നാൽ ഞങ്ങളുടെ എസ്സാക്കളുടെപുലിവാലിന്നാകട്ടെ, ശ്രുതിസ്മൃതിപുരാണാചാരവിശ്വാസാദികളുമായി യാതൊരു ബന്ധവുമില്ല. നിത്യകർമ്മങ്ങൾക്കാവശ്യമായ വേദമന്ത്രങ്ങൾ ഹൃദിസ്ഥമാക്കി ഞങ്ങളുടെ എസ്സാക്കൾ തത്ത ഉരുവിട്ടുപോലെ ഉരുവിടാറുണ്ടെങ്കിലും, അവയിൽ ഒന്നിന്റെയെങ്കിലും അർത്ഥം ഞങ്ങളുടെ എസ്സാക്കൾ അറിഞ്ഞതായിട്ടില്ല. സംസ്കൃതഭാഷയിലുള്ള എസ്സാക്കളുടെ പാണ്ഡിത്യം സഞ്ജയന് മേപ്പടി ഭാഷയിലുള്ള പാണ്ഡിത്യത്തിന്റെ രണ്ടു പടവ് ചോടെയാണെന്ന് പറഞ്ഞാൽ, ശ്രുതിസ്മൃതിപുരാണാദികളെ സംബന്ധിച്ചിടത്തോളം, അങ്ങോക്ക് ഒരു മണ്ണാങ്കട്ടയും അറിഞ്ഞുകൂടെന്ന് ഇവിടെ പ്രത്യേകമായി എടുത്തു പറയേണ്ടതില്ലല്ലോ. ഞങ്ങളുടെ എസ്സാക്കൾ പുലിവാലിൽ കയറിത്തൂങ്ങിയതിനുള്ള കാരണങ്ങൾ ഈ ദൃശ്യദൃനിയാവിലെ സകല ഗ്രന്ഥകാരന്മാരുടേയും ആദികാരണമെന്ന് കവികളാൽ ലോകാരംഭം മുതൽക്കേ പ്രശംസിയ്ക്കപ്പെട്ടിട്ടുള്ള ആ സാക്ഷാൽ രണ്ടു മൂലങ്ങൾ മാത്രമാണ്: കനകംമൂലം,ഒന്ന്; കാമിനിമൂലം,രണ്ട്; കനകം, സ്വർണ്ണം, അതായത്,പണം; കാമിനി എന്താണെന്ന് മനസ്സിലാക്കാത്ത ശപ്പൻ വായന മതിയാക്കി കടന്നുപോകട്ടെ;അവനുവേണ്ടി ഞാൻ ഒരക്ഷരം എഴുതാൻ തീച്ചപ്പെട്ടതീട്ടില്ല. തസ്സാക്കളും, എസ്സാക്കളും തമ്മിലും, തദ്പരാ, തസ്സാക്കളുടേയും എസ്സാക്കളുടേയും പുലിവാലുകളും തമ്മിലും ഉള്ള വ്യത്യാസം വായനക്കാർ മനസ്സിലാക്കിയല്ലോ. ഇനി ഞാൻ എസ്സാക്കളുടെ ശാർദ്ദൂലലാംഗ്ലഗ്രഹണചരിത്രം സംക്ഷിപ്തമായി പറയാം.

ചങ്ങലംപരണ്ടയിൽ, സംഹാരരുദ്രന്റെ മൂർത്തിഭേദങ്ങളിൽപ്പെട്ടതായി, എന്തു കാരണംകൊണ്ടോ, കരുതപ്പെട്ടുവരുന്ന കൊടുസ്വത്തപ്പന്റെ പ്രതിഷ്ഠയോടുകൂടിയ ഒരു കാവുണ്ട്; പഴയ കാവാണ്. പ്രസ്തുതകാവോടനുബന്ധമായി, നിറം, ഗന്ധം, കൊഴപ്പ് മുതലായ ഗുണങ്ങളാൽ വേപ്പെണ്ണയോട് സമാനധർമ്മം വഹിച്ചിയങ്ങുന്ന ജലത്തോടും, അതിൽക്കളിച്ച പാപം നശിപ്പിക്കുവാൻ ശ്രമിക്കുന്ന ക്ഷേത്രമാരുടെ പല്ലിനും എല്ലിനും ഒരുപോലെ ഹാനികരമായ കടവുകളോടുംകൂടിയ ഒരു ചിറയുമുണ്ട്; വലിയ ചിറയാണ്.

മേപ്പടി കാവിന്റെ നിർമ്മാണകാലം മുതൽ ഇന്നേവരെയും അതിന്റെ പ്രധാനഉരാളന്മാർ ചരിത്രനായകനായ തുപ്പൻ എസ്സാക്കളുടെ ഇല്ലക്കാരാണ്. ചങ്ങലംപരണ്ടയിലെ ദീപാളികൂടിച്ച ജന്മിമാരുടെ ഇടയിലും എസ്സാക്കളുടെ സ്ഥാനം അപ്രധാനമല്ല: നികുതിബാക്കിക്ക് നാളിതുവരെ വിറ്റുപോയ വസ്തുക്കൾ കഴിച്ച് ബാക്കിയുള്ളവക്ക് കൊടുക്കുന്ന നികുതിസംഖ്യ ഉറപ്പിക അഞ്ഞൂറ്; വസ്തുവഹകളിന്മേലുള്ളതു കിഴിച്ച് ബാക്കി കടസംഖ്യ ഉറപ്പിക രണ്ടായിരം;—ഇതാണ് എസ്സാക്കളുടെ സാമ്പത്തികസ്ഥിതിയുടെ രത്നച്ചുരുക്കം. (ഈ കടത്തിൽ പകുതിയും, കാവിന്റെ ഉരായ്മസ്ഥാനത്തിന്നുവേണ്ടി, നമ്മുടെ കണ്ണും തലയുമില്ലാത്ത 'എണ്ടോമെണ്ട്'രാക്ഷസന്മായുള്ള വ്യവഹാരത്തിന്റെ ഫലമായി, വന്നുചേർന്നതാണെന്നുള്ള സംഗതി, അപ്രസ്തുതമാണെങ്കിലും, പുതിയ കോൺഗ്രസ്സ് മന്ത്രിസഭയുടെ അടിയന്തരശ്രദ്ധയ്ക്കുവേണ്ടി, പ്രത്യേകം പ്രസ്താവ്യമാണ്.)

ചിറയെസ്സംബന്ധിച്ച് പറയുവാനുള്ളത്, മറ്റ് സവർണക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ചിറകളെപ്പോലെതന്നെ, അതും അവർണ്ണക്ക് അധ്യുഷ്യമാണെന്നു മാത്രമാണ്.

അങ്ങിനെയിരിക്കെയാണ് മഹാത്മാ ഗാന്ധിയെന്നും, സമദർശനമെന്നും, സർവസാഹോദര്യമെന്നും, ഹരിജനോദ്ധാരണമെന്നും മറ്റുമുള്ള ചില ശബ്ദങ്ങൾ, കാലം നന്നെ വൈകീട്ടാണെങ്കിലും, ചങ്ങലംപരണ്ടയിലും കേട്ടുതുടങ്ങിയത്. തുടർന്നുകൊണ്ടുതന്നെ, ഉഴലൂർ മുനിസിപ്പാലിറ്റിയിൽനിന്ന് ഒരു വിടാൻ പഞ്ചസാര കെട്ടിക്കൊണ്ടുവന്ന മൂന്നുമാസം പഴക്കമുള്ള ഒരു മലയാളപത്രത്തിന്റെ പ്രതി വഴിയായി, 'തിരുവിതാംകൂർ ക്ഷേത്രപ്രവേശനവിളംബരം' എന്നു

ഒരു പുതിയ ശബ്ദംകൂടി അവിടെ കേൾക്കാറായി.

ചങ്ങലംപരണ്ടയും ഉണ്ടോ; ചങ്ങലംപരണ്ടയും പതുക്കെ കോട്ടുവാ വിട്ട്, കൈരണ്ടും കുടഞ്ഞ്, കണ്ണോന്നു തുടച്ചു: സമുദായപരിഷ്കരണത്തിന്നായി ചോരത്തിളപ്പോട്ടുകുടിയ ചില ചെറുപ്പക്കാർ ഒരുങ്ങിയിറങ്ങി. പക്ഷെ കൊട്ടുന്നത്തപ്പുൻകാവിൽ അവർണ്ണരെ പ്രവേശിപ്പിക്കാൻ അതുപെട്ടെന്ന് സാധ്യമല്ലെന്ന് കണ്ടതിനാൽ, അതിന്റെ ഒരു പ്രാരംഭച്ചേടങ്ങായി, കണ്ണിച്ചിറത്തോടല്ലാതെ കുളിക്കാൻ വേറെ പൊതുക്കുളങ്ങളൊന്നുമില്ലാത്ത ച.പ.യിലെ അവർണക്ക് കാവോടു തൊട്ടുള്ള ചിറയിൽ കുളിസ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നു വാദിച്ചുകൊണ്ട് അവർ ഒരു പ്രക്ഷോഭണം ആരംഭിച്ചു.

എസ്സാക്കളോട് ഈ വിവരം ഒരു നിവേദകസംഘം ചെന്നു പറഞ്ഞപ്പോൾ, ആദ്യം ആ ശുദ്ധാത്മാവിന്ന് കാര്യംതന്നെ മനസ്സിലായില്ല. "നമ്മുടെ ചിറയിൽ അവർണ്ണക്ക് സ്നാനസ്വാതന്ത്ര്യം അനുവദിയ്ക്കണം" എന്നായിരുന്നു നിവേദകസംഘാദ്ധ്യക്ഷൻ പറഞ്ഞത്. ആദ്യത്തെ രണ്ടുവാക്കുകളൊഴിച്ച് മറെറാന്നിന്റെയും അർത്ഥം മനസ്സിലാകാതെ എസ്സാക്കൾ പരുങ്ങുന്നതിന്നിടയ്ക്ക്, "മനസ്സിലായില്ലേ? തീണ്ടൽജാതിക്കാക്കേ—നോമ്മടെ ചിറ തൊട്ട് അയിത്തമാക്കാൻ സമ്മതം വേണ്ടേ!" എന്ന് സംസ്കൃതത്തിൽ വ്യുത്പന്നനായ പതിനേഴാം എസ്സാക്കൾ ആ വാചകത്തെ തർജ്ജമചെയ്തുകൊടുത്തു. ഇതുതന്നെ പതിനൊന്നാം എസ്സാക്കളും, പത്താം എസ്സാക്കളും, നാലാം എസ്സാക്കളും, ഇല്ലം കായ്സ്ഥൻ രയരപ്പുൻ നായരും, അനേകം തരത്തിലായി വിവരിച്ചതിന്നുശേഷം, എസ്സാക്കൾ, "നേതി നേതി"യെപ്പററി ആലോചിക്കുന്ന ആരുരുക്ഷുവെപ്പോലെ, പത്തിരുപതു മിനുട്ടുനേരം ഏകാഗ്രമായി ആലോചിച്ചു. ഒടുക്കം അർത്ഥബോധോദയത്തിന്റെ ഒരു മങ്ങിയ പ്രകാശം എസ്സാക്കളുടെ കണ്ണുകളിൽ കാണപ്പെട്ടു. "—ച്ചാൽ, നോമ്മടെ ചിറ തൊട്ട് അയിത്താക്കാൻ അയിത്തക്കാരെ സമ്മതിക്കണൊ! അല്ലേ, ഉണ്ണി?" എന്ന് പതിമൂന്നാം എസ്സാക്കളോട് അവിടന്ന് ചോദിച്ചു. "അവിടത്തെ ഒരു ബുദ്ധിശക്തി!" എന്ന് അർത്ഥം വരത്തക്കവിധത്തിൽ കായ്സ്ഥൻ രയരപ്പുൻ നായർ, ഈ വ്യാഖ്യാനം കേട്ട ഉടനെ, തന്റെ നെററി വലത്തുകൈയുടെ മൂണ്ടുവിരൽകൊണ്ട് തൊട്ട്, ദൃഷ്ടികം മേല്പോട്ടാക്കി, പൂമുഖത്തിന്റെ മച്ചോട് "എന്താണിത്?" എന്ന് ആംഗ്യം കാണിച്ചു. പതിമൂന്നാം എസ്സാക്കൾ "അതെ!" എന്നുണർത്തിച്ചു. വലിയെസ്സാക്കൾ വീണ്ടും പതിനഞ്ചുമിനുട്ടുനേരം ആലോചിച്ച്, ഒരു നെടുവീർപ്പ് വിട്ട്, ഇങ്ങിനെ കല്പിച്ചരുളിച്ചെയ്തു: "ശരി:—ന്നാൽ ഒരു പ്രാവശ്യം വെള്ളം കൈകൊണ്ട് തൊട്ട് പോകാം. പക്ഷെ പുണ്യാഹച്ചെലവ് ആര് ചെയ്യും?" ശ്രോതാക്കൾ ഭിന്നാഭിപ്രായങ്ങളോടുകൂടി അന്യോന്യം നോക്കിയതല്ലാതെ, ഈ ചോദ്യത്തിന്ന് ഉത്തരമാരും പറഞ്ഞില്ല. കുറെ നേരത്തെ മൌനത്തിന്നുശേഷം, "രയരപ്പാ, ഇക്കൊല്ലം ഇല്ലംവക നികുതി എത്ര ബാക്കിയുണ്ട്?" എന്ന് എസ്സാക്കൾ കായ്സ്ഥനോട് ചോദിച്ചു. "റാൻ—67ക. 13ണ. 8പൈ." എന്ന് കായ്സ്ഥൻ വിടോണ്ടു. എസ്സാക്കൾ പിന്നേയും മൌനഗ്രസ്തനായി. ഒടുക്കം ഇങ്ങിനെ അരുളപ്പാടുണ്ടായി: "പോട്ടെ, ഒരു പ്രാവശ്യം സമ്മതിച്ചേക്കാം. പക്ഷെ പുണ്യാഹത്തിന്നും പ്രായശ്ചിത്തത്തിന്നുംകൂടി 70ഉറുപ്പിക ആര്യം ഇവിടെ കൊണ്ടുവെക്കണം.—ന്താ, രയരപ്പാ?" രയരപ്പുൻ നായർ വായപൊത്തി പതുക്കെയൊന്നു ചിറിക്കി, "റാൻ—പുണ്യാഹമൊന്നുമില്ലാത്ത ചിറയിൽ അയിത്തക്കാരെ എല്ലാ ദിവസവും ഇറങ്ങിക്കുളിക്കാൻ കല്പിച്ച് സമ്മതിക്കണമെന്നാണ് ഇവർ വിടോള്ളുന്നത്" എന്ന് ഉണർത്തിച്ചു. ഒടുവത് എസ്സാക്കളും, രയരപ്പുൻ നായരും, നിവേദകസംഘാധ്യക്ഷനും കൂടി ഈ വാചകത്തെ മാറിയും മറിച്ചും തിരിച്ചും ഏകദേശം മുപ്പുരവട്ടം വ്യാഖ്യാനിച്ചപ്പോഴെ എസ്സാക്കൾക്ക് നിവേദകസംഘത്തിന്റെ അവശ്യം ശരിയായി മനസ്സിലായുള്ളു. അതിനു വേണ്ടിവന്ന അദ്ധ്വാനപൂർവ്വമായ മസ്തിഷ്കവ്യാപാരത്തിൽനിന്നു ജനിച്ച തളർച്ചയാലോ, യാഥാർത്ഥ്യം തെളിഞ്ഞപ്പോൾ ഉദ്ഭവിച്ച അത്യാശ്ചര്യത്തിന്റെ തലയ്ക്കിടിയാലോ, എന്തോ, അതോടുകൂടി ഉപ്പുൻ എസ്സാക്കൾ ബോധരഹിതനായി ചാരുകസാലയിൽ പിന്നോക്കം മറിയുകയും ചെയ്തു.

[അടുത്ത ലക്കത്തിലവസാനിക്കും.]

ചെട്ടിയും അപ്പുക്കാളയും.

ഒരു മഹാമിസ്റ്റിക്കു കവിത.

(മഞ്ജരി.)


കൊമ്പും കുളമ്പും കമനീയമാകുന്ന
ചെമ്പിൻനിറമൊത്ത ലോഹത്താലെ
കെട്ടിച്ച ചെഞ്ചമേ മുത്തുമാല്യങ്ങളും
പട്ടും ധരിപ്പിച്ച മോടിക്കുട്ടി,
കാൽച്ചിലമ്പും മണി കങ്കണസംഘവും
കാഴ്ച്ചയ്ക്കു കൌതുകം വായ്ക്കുമാറായ്,
ചേച്ചപോലാദരാൽചേർത്തണിയിക്കയാൽ
മെച്ചമാം വേഷവിശേഷമോടെ,
കുറിണങ്ങുംവിധം കുറനൊന്നെത്തുന്നു;
ജോറുണ്ടവന്റെ വരവു കാണ്മാൻ!

സപ്തവർണ്ണാഞ്ചിതമാകിയ കുപ്പായ-
മെപ്പോഴോ തുന്നിയതിട്ട തുഷ്ടനാ,
കട്ടിക്കസവണിസ്സോമനാട്ടത്തുമാ-
പ്പുഷ്പിപൂണ്ടുള്ള തലക്കെട്ടുമായ്,
ഹാരകേയൂരാദി ചാർത്തി, നൽകുങ്കുമ-
പൂരത്താലുള്ളോരു പൊട്ടുമായി,
കോടക്കാർവർണ്ണനാം കൊങ്കണൊർരാളെന്തോ
പാടിപ്പുകഴ്ത്തുക്കയേ ചെണ്ടകൊട്ടി,
പ്രസ്തുതസപര്യത്തെച്ചൂലേ കയർപിടി-
ച്ചുതു നടത്തിവരുന്നു നേരെ!

കാണികൾ കൈകൊട്ടിയാർക്കുന്ന പിന്നാലെ,
പ്രീണിച്ചാജ്ജീവി പിണക്കമെന്യേ
ചേണെഴുന്നോരു തലകുലുക്കീടുന്നു
ചെണ്ടതൻ താളത്തിനൊപ്പിച്ചിപ്പോഥം.
അത്ഭുതവേഷവിധാനവിധം കണ്ടു-
ള്ളോർപ്പുവിളി കേട്ടിയപ്പുക്കാള
അങ്കലാപ്പാന്നിംതോട്ടുന്നു, പാർശ്വമാ-
ളുങ്ങുമിങ്ങുംനോക്കിയാംഗ്യങ്ങളാൽ,
ആരേയും വന്ദിപ്പാനാദരാലെത്തുന്നു-
ണ്ടോരോ കളിയ്ക്കുമൊരുക്കമായി.
ചെണ്ടകൊട്ടി,ത്തമിഴിൽച്ചിലതൊക്കെയാ-
ച്ചൊട്ടി ചെകിടടയുംവിധത്തിൽ
ഓതുമ്പോളൊക്കെയും കേട്ടൊതുക്കത്തോടെ
യാള തലയാട്ടും ഭക്തിപൂർവ്വം!

തങ്കത്തലക്കെട്ടും, പട്ടുകുപ്പായവും
തങ്ങടെ രാജചിഹ്നങ്ങളാക്കി,
നാടാകെത്തങ്ങൾക്കു വാഴ്ച്ചയെന്നോങ്ങുന്ന
നാടന്മാരാം ചില രാജാക്കളും,
വങ്കപ്രഭുക്കളായീടും വലിയോരു
വൃത്തകന്മാരുമിച്ചെട്ടിയാരെ
കാളയെക്കൈവശം വെച്ചു പലസൂത്രം
കാട്ടുക കാരണം, ദുർമോഹത്താൽ,
മാനിച്ചു സൽക്കരിച്ചീടുന്നു, കാള വ-
ന്നേനി നടിച്ചു നടന്നീടുന്നു.
പട്ടണംതോറുമിക്കുറെനെല്ലിട്ടിയാ-
ച്ചെട്ടിയാർ ചെല്ലുമ്പോഴും, പൊരവുന്നു
പട്ടും വളകളും നൽകുന്നു, നാട്ടുകാ-
രൊട്ടുക്കിക്കാഴ്ച കണ്ടോത്തീടുന്നു!
"രാമസ്വാമി! കളി! നീ, യൊനക്കെശ്ശാനാർ
സോമ,നരിശി, പണമിവകം
സമ്മാനിക്കുമെടാ!" യെന്നൊക്കെച്ചെട്ടിയാർ
സമ്മോദാലോതുമ്പോളയ്യോ! പാവം!
വട്ടംതിരിഞ്ഞും, മറിഞ്ഞും, നിലംപറ്റെ
മുട്ടുകുത്തീട്ടുമീയപ്പുകാള
കാട്ടുന്നതൊക്കെയേ കാണികൾ കണ്ടു കൈ
കൊട്ടിച്ചിരിക്കുന്നു: ശാന്തം പാപം!!
പുണ്യസ്ഥലംതോറുമുത്സവാഘോഷവും
പൂരവുമുള്ളപ്പോളപ്പുകാള
മിന്നിത്തിളങ്ങും വിഭൂഷണൌഘം ധരി-
ച്ചുന്നതാമോടാലച്ചെട്ടിയുമായ്
ചെന്നുചേരുന്നോരോ തമാശകൾ കാട്ടുവാൻ
സന്നദ്ധനാകുന്ന സാധുജീവി.
കാശി രാമേശ്വരം തൊട്ട മഹനീയ-
ദേശങ്ങളിലും, പഴനിയിലും,
കാണ്മു താൻ മോഹിച്ചുച്ചെട്ടിയിക്കാളയാം
കാഴ്ചക്കളിക്കൊപ്പുമായ് നടപ്പൂ!
സാധുവാമീ മൃഗത്തെപ്പിടിച്ചിങ്ങിനെ
സർവത്ര കൊണ്ടുനടത്തിക്കുന്നു!
സ്വാർത്ഥങ്ങളോരോന്നും, സുഖ്വാ, സർവദാ,
വിത്തവും നേടുമീ വിദ്വാൻ മേലിൽ.
സമ്പന്നനായി, പ്രമാണിയാകുമ്പോളി-
സ്സുതപമബലനാം, മന്നോരത്തിൽ
വെള്ളമോ, പുല്ലോ കൊടുക്കാ,തതിനെത്താൻ
തല്ലിയോടിച്ചു നടക്കും ചെട്ടി!

പങ്ങട്ടൻ.


ഒന്നുകൊണ്ടുണ്ടധികമാ
ണ് കുറച്ചുകുറഞ്ഞാ
ൽ തരക്കേടൊന്നുമില്ല
കോൺ
ഗ്രസ്സ്
നിസ്സഹ
സമ്പിച്ചും
ശമ്പളം
ഡി. വാലേര
ശമ്പളം
M.B.

അന്യായ്യാനുകരണം!

സഖാവിന്റെ ആത്മഗതം.

II

വരുന്നുണ്ട് പോലും മലബാറിലേക്ക്; ആ കോങ്ങാട്ടിൽ രാമന്നേനോൻ! "കേരളസ്ഥാനകോൺഗ്രസ്സ് കമ്മിറ്റിയിൽവെച്ച് സഖാക്കളെ മൂണാക്കളി പതിനെട്ടും കളിച്ചിട്ടും എന്നെ തൊടാൻ കഴിഞ്ഞോ?" എന്ന് ജയഭേരി അടിച്ചു നടക്കാനായിരിക്കണം ഈ ഔദ്യോഗികപര്യടനം! അതിന്നൊരു 'പവർ' കൂട്ടാനായിരിക്കും ആ ബൂർഷ്വാ രാജഗോപാലാചാരിയേയും ഒരുമിച്ചു കൂട്ടുന്നത്! എന്തു ചെയ്താലും ആ മനുഷ്യന്റെ പ്രതാപം അവസാനിപ്പിക്കേണ്ടിയിരുന്നു. വരട്ടെ; നമ്മുടെ മുറത്തെപ്പുളിയും പൂശും: അന്നു കാണിച്ചുകൊടുക്കാം! നാട്ടിലെ പട്ടിണി മാറ്റുവാനാണ് ഞങ്ങളീക്കൊടിയും പിടിച്ച് നിരത്തിന്മേലെ മണ്ണുകൊണ്ട് വയറു നിറയ്ക്കുന്നതെന്ന് ആ വങ്കത്തൊഴിലാളികളും, സോഷ്യലിസ്റ്റുകാരുടെ ഇടയിലുള്ള ഒന്നരണ്ട് ആദർശം നോക്കിപ്പായുന്ന തലകാഞ്ഞ പുള്ളികളും കരുതിക്കോട്ടെ! അങ്ങിനെ അവർ ധരിച്ചില്ലെങ്കിൽ ഇവിടെ കായ്യം നടക്കുകയില്ല. ആദ്യം തൊഴിലാളികളെ, അവരുടെ പട്ടിണി മാറ്റാൻ പോകുന്നു എന്നു പറഞ്ഞ് സംഘടിപ്പിക്കുക; പിന്നെ അവരുടെ സഹായത്തോടുകൂടി, ഈ ബൂർഷ്വാ മന്ത്രിസഭയുടെ എതിരായി പ്രക്ഷോഭണം കൂട്ടുക; കോൺഗ്രസ്സ് കമ്മിറ്റിയിൽ ഭൂരിപക്ഷം നേടി, കോൺഗ്രസ്സിനെ സോവിയറിന്റെ അംഗമാക്കുക...പിന്നെയോ?...പിന്നെ ചിലതെല്ലാം ഉണ്ടാകും. ചിലരുടെ തല പോകുന്നതും, ഇന്ന് മന്ത്രികളായി ഞെളിഞ്ഞു നടക്കുന്ന ചില ഭവ്യന്മാർ പല്ലിളിച്ച് നടക്കുന്നതും ഒക്കെ അന്നു കാണാം!.....അയ്യാ! അതു വിചാരിക്കുമ്പോഴേ, എന്റെ ഹൃദയം കിടന്നു പിടയ്ക്കുന്നു. ഈ തൊഴിലാളികളെ എന്താണ് സംഘടിക്കാത്തത്? അവർ വേഗം സംഘടിച്ചില്ലെങ്കിൽ കാര്യത്തിന്ന് കുഴപ്പമുണ്ടല്ലോ!

തൊഴിലാളികളെ മാത്രം പോര; എന്തു സാഹസം ചെയ്താലും മുസ്ലീമിങ്ങളെയും പാട്ടിൽ പിടിക്കണം. മുസ്ലീമിങ്ങളെ ഏതായാലും കോൺഗ്രസ്സിന്നെതിരാണ്. 'മതം' എന്നൊരു വാക്കു പറഞ്ഞാൽ അവരെ കിട്ടും. പക്ഷെ സോഷ്യലിസം മതത്തിന്നും ഈശ്വരന്നും എതിരാണല്ലോ! അവിടെയല്ലേ മുട്ടിയത്?..... അതു പറയാൻ പോകണ്ട; തീന്നില്ലേ? ഈയിടെ ഒരു സഖാവ്, ഏറനാട്ട് ഒരു സ്ഥലത്തുവെച്ച്, "മുസ്ലിമിങ്ങൾക്ക് പ്രത്യേകപള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിന്ന് കോൺഗ്രസ്സ് എതിരാണ്; എന്നാൽ ഞങ്ങൾ അതിന്നനുകൂലികളാണ്. മുസ്ലിമിങ്ങൾ മതപഠനമില്ലാതെ എങ്ങിനെ കഴിച്ചുകൂട്ടും? ഈ കോൺഗ്രസ്സുകാർ പറയുന്നത് എന്തു നീതിയാണ്! അവർ പുലമ്പുന്നത് എന്ത് അസംബന്ധമാണ്!" എന്നൊക്കെ തന്റെ പ്രസംഗത്തിന്നിടയിൽ പൊടിപാറിയെന്നു കേട്ടു. കേട്ടുനിന്ന മുസ്ലീമിങ്ങൾ—സോഷ്യലിസം എന്ന വാക്കുകൂടി കേൾക്കാത്ത പാവങ്ങൾ—കൈകൊട്ടി ആർത്തുവെന്നും കേട്ടു. അതാണ് ബുദ്ധി. ആ സഖാവിനെ അനുമോദിക്കണം. സോഷ്യലിസം വന്നാൽ ആദ്യം തച്ചുനിരത്തുന്നത് പള്ളികളും മറ്റ് ആരാധനാസ്ഥലങ്ങളുമായിരിക്കുമെന്നും, പടച്ചവന്റെ പേരു മിണ്ടിപ്പോയവന്റെ തല അധികകാലത്തേക്ക് ഉറച്ചുനിൽക്കുകയില്ലെന്നും അവരോട് ഇപ്പോഴും പറയുന്നവനല്ലേ വങ്കൻ? സത്യമോ?.....ബാ! സത്യം!! ഉലക്കപ്പിണ്ണാക്കാണ്! സത്യം, അഹിംസ, ആർജവം മുതലായ ബൂർഷ്വാ ഗുണങ്ങളെ ലോകത്തിൽനിന്ന് എന്നു കടന്നുപോകുന്നുവോ, അന്നേ ലോകം നന്നാവുകയുള്ളൂ.

വിദ്യാർത്ഥികളേയും പാട്ടിലാക്കണം. അതു സാധിക്കുമെന്നാണ് തോന്നുന്നത്. കണ്ടിടത്തോളം ആ വഴിക്കുള്ള പരിശ്രമങ്ങളെ മുഴുവൻ വിജയത്തിലാണ് കലാശിച്ചിട്ടുള്ളത്. സ്കൂളും വിട്ട് നിരത്തിലിറങ്ങി കൂക്കിവിളിച്ച് കഴിയുന്നതാണ്, അച്ഛനമ്മമാരെ അനുസരിച്ച് വീട്ടിലും, ഗുരുനാഥന്മാരെ അനുസരിച്ച് സ്കൂളിലും കഴിഞ്ഞു കൂടുന്നതിനേക്കാളും നല്ലതെന്ന സിദ്ധാന്തം കേട്ടാൽ ചാടിപ്പുറപ്പെടാത്ത കുട്ടികളും ലോകത്തിലുണ്ടോ? രക്ഷിതാക്കന്മാരും, മേഷ്ടന്മാരും നോക്കി, യാതൊന്നും ചെയ്യാൻ കഴിയാതെ, പല്ലിറുമ്മുകയും, കണ്ണുരുട്ടുകയും, അപസ്മാരഗോഷ്ടി കാണിക്കുക

യും ചെയ്യട്ടെ! ഒട്ടക്കം പഠിപ്പില്ലാതെ, സംസ്കാരമില്ലാതെ, അച്ചടക്കമില്ലാതെ, കൊടിപിടിച്ചുനടന്ന് "നശിക്കട്ടേ" വിളിക്കാനല്ലാതെ മറ്റൊന്നിനും അവർ കൊള്ളുകയില്ലെന്ന നിലയെത്തിക്കഴിഞ്ഞാൽ, പിന്നീട്, സഖാക്കളായിത്തീർന്ന് ഞങ്ങളുടെ നേതൃത്വത്തിൽ നടക്കുകയല്ലാതെ അവക്ക് വേറെ ഗതിയെന്താണുള്ളത്? അതും വിപ്ലവകക്ഷിയുടെ ബലം കൂട്ടുകയേ ഉള്ളൂ. നേരെമറിച്ച്, അവർ ബൂർഷ്വാ സാഹിത്യവും, ലോകചരിത്രവും മറ്റും പഠിച്ച് പാസ്സും പദവിയും നേടിയാൽ പിന്നെ ഞങ്ങളുടെ പിന്നാലെ നടക്കാൻ കൂട്ടാക്കുകയില്ല. സഞ്ജയനും കൂട്ടരും കിടന്നു ചിലച്ചോട്ടെ; കുട്ടികൾ ഞങ്ങളുടെ കൂടെ കൂടുകയേ ഉള്ളൂ. പ്രക്ഷോഭണത്തിന്റെയും, രാപ്പകൽ തമാശയുടേയും തേൻ കാട്ടി വിളിക്കുമ്പോളുണ്ടോ, അവർ വിദ്യാഭ്യാസത്തിന്റെയും, സ്വഭാവസംസ്കാരത്തിന്റെയും, അച്ചടക്കത്തിന്റെയും തിഫലപ്പൊടി വിഴുങ്ങുവാൻ പായുന്നു?

അവരെക്കൊണ്ട് പെട്ടെന്നുള്ള ആവശ്യം ആ ബൂർഷ്വാ മന്ത്രിമാർ മലമ്പാറിലേക്ക് വരുമ്പോളാണ്. അതിലിടക്ക് എങ്ങിനെയെങ്കിലും അവരെ പറഞ്ഞു മിരട്ടി, കർപ്പൂകൊടിയും 'പോ!—' വിളികളുംകൊണ്ട് മന്ത്രിമാരുടെ മുഖത്തു കരി തേപ്പിക്കുവാൻ ഒരുക്കിനിർത്തണം. അതാണ് വിദ്യ. അയ്യയ്യാ!...ഞങ്ങളുടെ സാമർത്ഥ്യം ഈ കഴുതസ്സഞ്ജയനും മറ്റും എന്തുകണ്ടു? നിൽക്കട്ടെ; കോന്താടനും ആചാരിയും ഇവിടെ വന്നിറങ്ങട്ടെ! വിദ്യാർത്ഥികളുടെ ഇടയിൽ ഞങ്ങളും നടത്തുന്ന പ്രക്ഷോഭണത്തിന്റെ ആവശ്യവും, ഫലവും അന്നു കാണിച്ചുകൊടുക്കാം!

ഇതൊക്കെ ആരെങ്കിലും മനസ്സിലാക്കിയിരിക്കുമോ?...ഉണ്ടാവുകയില്ല. മനസ്സിലാക്കിയെങ്കിൽത്തന്നെ ആക്കാണ് അതു തുറന്നുപറയാൻ ധൈര്യമുണ്ടായിരിക്കുക എന്നൊന്നു നോക്കട്ടെ! 'ബൂർഷ്വാ! മൂതലാളികളുടെ ഏജണ്ട്!' എന്ന് ആത്തുവിളിച്ച് ഞങ്ങൾ അവനെ ഒരക്ഷരം മിണ്ടാൻ സമ്മതിക്കുമോ? ആരറിഞ്ഞാലും തൊഴിലാളികളും വിദ്യാർത്ഥികളും ഇതറിയരുതെന്നേയുള്ളൂ—അവരറിഞ്ഞാൽ അല്പം കുഴപ്പമുണ്ടാക്കും. എന്നാലും സാരമില്ല. തൊഴിലാളികൾക്ക് പട്ടിണിയില്ലായ്മ; വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യം;—ഈ രണ്ടു മഹാമന്ത്രങ്ങളും ഞങ്ങളുടെ നാവിന്മേലുള്ളിടത്തോളം പേടിക്കാനില്ല. ലോകത്തിൽ ദുരിപക്ഷവും സ്വതന്ത്രമായി ആലോചിക്കുവാൻ ശീലിച്ചവരല്ലല്ലോ! അതല്ലേ ഒരു പൊറുതി! അതുകൊണ്ട് ഇതെങ്ങാൻ അവരോട് വല്ലവരും പറഞ്ഞാൽത്തന്നെ ഞങ്ങൾ പറയുന്ന സമാധാനം കേട്ട് അവർ അടങ്ങുകയേ ഉള്ളൂ. കേൾക്കാൻ ആഗ്രഹിക്കുന്നതല്ലേ മനുഷ്യൻ എളുപ്പത്തിൽ വിശ്വസിക്കുക? ഒക്ടോബർ 15—ാംനു-! —.....അതിലിടക്ക് ഞങ്ങൾ വിചാരിച്ച ടിക്കിൽ കാര്യമെത്തുമോ? എന്തോ!...സമയം പോര. എങ്കിലും ഒന്നുണ്ടാക്കുവാൻ ശ്രമിക്കണം. ശ്രമിച്ചാലാവാത്തതുണ്ടോ?

(തുടരും.)

"ബാഡ് സ്ലം മിസ്റ്റ'റസ്സ് മാരുടെ പ്രസവം"

"ഒ കൊല്ലത്തിലൊരിക്കൽ മാത്രമേ ബോർഡിൽ നിന്നു കല്പനയുള്ളൂ."

—കൊച്ചിപ്പത്രത്തിൽ തലക്കെട്ടുകൾ.

വെറുമൊരു കല്പനകൊണ്ട് ബോർഡിന്ന് അതു സാധിക്കുമെങ്കിൽ, എന്തുകൊണ്ട് സന്താനനിയന്ത്രണോപകരണങ്ങൾ കണ്ടുപിടിക്കാൻ കഷ്ടപ്പെടുന്ന പാശ്ചാത്യശാസ്ത്രജ്ഞന്മാർക്കു ബോർഡ് ആ വിദ്യ ഉപദേശിക്കുന്നില്ല?

"ജാനുവിന്റെ കണ്ണുകളിൽനിന്ന് ഗംഗാജലംപോലെ കണ്ണുനീർ ഒഴുകി. ഇതു കണ്ടും കേട്ടും നിൽക്കുവാൻ എന്റെ ഹൃദയത്തിന്നു ശക്തിയുണ്ടായില്ല."

—ദിനപത്രത്തിൽ ചെറുകഥ.

അതു 'കേട്ട്' നിൽക്കുവാൻ നായകന്റെ ഹൃദയത്തിന്ന് ശക്തിയില്ലാതിരുന്ന സ്ഥിതിക്ക്, ജാനുവിന്റെ കണ്ണുനീരിനെ ഗംഗാജലത്തോടുപമിക്കുന്നതിനേക്കാൾ ഉചിതം നയാഗരാ നിർഝരത്തോടുപമിക്കുന്നതായിരുന്നു എന്ന് ഞങ്ങൾക്ക് തോന്നുന്നു.

ഹിറ്റ്‌ലരും മുസ്സോളിനിയും, അഥവാ, പൂവും ചന്ദനവും.

ഇറാലിയൻ സർവാധിപതിയായ സീനോർ മുസ്സോളിനി ജർമൻ സർവാധിപതിയായ ഹെർ ഹിറ്റ്‌ലരെ സന്ദർശിച്ചു: അഹിംസാശാന്തിയെ ചെന്നുകണ്ടു; ത്യാഗം വിരക്തിയെ ആലിംഗനം ചെയ്തു; ആർജവം ശമവുമായി സമ്മേളിച്ചു; സത്യം ധർമത്തിന്റെ ആതിഥ്യം സ്വീകരിച്ചു; അനാസക്തി മുക്തിയുമായി നമ്മസല്ലാപം നടത്തി; പൂവ് ചന്ദനത്തോടുകൂടിച്ചേർന്നു! എന്തൊരു പുണ്യവും, ശാന്തവും, സുന്ദരവും, ശീതളവുമായ സമാഗമം!

എന്നിട്ടോ? ഉനിയാവിന്റെ കുസൃതിക്കെതിരുണ്ടോ, അളവുണ്ടോ, കെട്ടുണ്ടോ, മട്ടുണ്ടോ, മട്ടുണ്ടോ, മര്യാദയുണ്ടോ? "അയ്യയ്യോ! നശിച്ചേ, നശിച്ചു! ഇനി ആരും ഒന്നും നോക്കണ്ട. തുലഞ്ഞു. മുടിഞ്ഞു. ലോകം ഇപ്പോൾ സ്മാകം. ലീഗും, നിഷ്പക്ഷക്കമ്മിറ്റിയും, കോൺഫറൻസും, മധ്യധരണ്യിലെ പാറാവും ഒക്കെ അവസാനിപ്പിച്ചു്, നേരമുള്ളപ്പോൾ എവിടെയെങ്കിലും പാത്തു് ഒളിച്ചോളിൻ!" എന്നും മറ്റും എത്ര ബഹളികളാണ് പുലമ്പിക്കൊണ്ടു് നടക്കുന്നതു്! വിശ്വൈകവന്ദ്യനായ ഒരു കർമയോഗി ലോകോത്തരനായ ഒരു സർവസംഗപരിത്യാഗിയെ ചെന്നു കാണുമ്പോൾ ആളുകൾക്ക് ഇങ്ങിനെ കോലാഹലം കൂട്ടാമെങ്കിൽ, ആ മുതലാളികളുടെ ഏജന്റായ ഗാന്ധിയും ആ പഴഞ്ചൻ ബൂർഷ്വാ ടാഗോറും തമ്മിലാണ് ഇത്തരമൊരു സന്ദർശനം നടക്കുന്നതെങ്കിൽ, ഈ കുസൃതിക്കാർ എന്തെല്ലാം പൊല്ലാപ്പുകൾ പറയുവാൻ മൈയ്യപ്പെട്ടുകയില്ല! ഛീ:—ഇങ്ങിനെ സത്യധർമങ്ങളിൽ നിന്നു് വ്യഭിചരിച്ചുപോയ ഒരു ലോകത്തിൽ മനുഷ്യനായി ജീവിക്കുവാൻ തന്നെ ഞാൻ ലജ്ജിക്കുന്നു! സ്വാവ് സ്റ്റാലിന്റെ ശിഷ്യനായിത്തീർന്നു് പെറമ്മയുടെ നട്ട ചവിട്ടി മുറിക്കുന്നതാണ് ഇതിലും ഭേദമെന്നുകൂടി എനിക്ക് ചിലപ്പോൾ തോന്നിപ്പോകുന്നു!

അല്ലെങ്കിൽ, "യൂറോപ്പിലെ സമാധാനം ഭഞ്ജിക്കേണമെന്നു് ഞങ്ങൾക്കാഗ്രഹമില്ല. ലോകസമാധാനം നിലനിന്നു കാണണമെന്നുള്ള ആശ ഞങ്ങളേക്കാളധികം തനിക്കാണുള്ളതെന്നു പായുന്ന ഒരു തെമ്മാടി ഇന്നു ജീവിച്ചിരിപ്പുണ്ടെങ്കിൽ, അവൻ മൈയ്യപ്പെട്ടു് ഞങ്ങളുടെ മുമ്പിൽ വരട്ടെ!" എന്നൊക്കെ അവർ എത്ര പ്രാവശ്യം പറഞ്ഞു! എന്നിട്ടെന്താണ്? നിരപരാധികളെ തെറിവിളിക്കുവാനും, തെറിവിളിപ്പിക്കുവാനും ഒരുങ്ങിയിറങ്ങിയ ലോകമുണ്ടോ അപവാദപ്രചരണതാന്ത്രയായ സരസ്വതിയ്ക്കു് വിശ്രമമനുവദിക്കുവാൻ പോകുന്നു? എത്യോപ്യയിലെ ജനസംഖ്യ കുറച്ചു്, അവിടെയുള്ള പട്ടിണി പരിഹരിപ്പാൻ വേണ്ടി ഇറാലിയിലെ കർമയോഗി ചെയ്ത പാവനശ്രമത്തിന്റെ കഴുത്തിൽ ലോകം കെട്ടിത്തൂക്കിയ വ്യാഖ്യാനമെന്താണ്? ആ മൂഢഹൃദയത്തെ ഈ ദുർവ്യാഖ്യാനം എത്രമാത്രം വേദനിപ്പിച്ചിട്ടുണ്ടായിരിക്കണമെന്ന് അതിനുത്തരവാദികളായ കക്ഷന്മാർ ആലോചിക്കുന്നുണ്ടോ? സ്വെയിനിലുള്ള ജനങ്ങളെ ദൈവവിശ്വാസമുള്ളവരാക്കിത്തീർക്കുവാൻവേണ്ടി ആ ക്ഷേത്രാഗ്രഗണ്യൻ സഹിക്കുന്ന ത്യാഗത്തിനു് ലോകം കൊടുക്കുന്ന കൂലിയെന്താണ്? അപവാദം! നീചോദ്ദേശ്യാരോപണം! അഹോ, അഹോ,

"നിശാതമയ്യോ! തവ തൃഷ്ണ, കൃസ്തവിൻ
പ്രശാന്തരക്തത്തെ നുകർന്ന ലോകമേ!"

നിശാതംതന്നെ; തീച്ചയായും നിശാതം; നിശാതമെന്നു തന്നെയാണ് അതിനു പറ്റിയ വാക്ക്! ഛേ! വല്ലാത്ത ലോകം!

ഇനി ഹിറ്റ്‌ലർ മുസ്സോളിനിയെ ചെന്നുകാണും. ഇന്ന് അവരെപ്പറ്റി അപവാദം പറയുന്ന മൂധേവികളെ അന്ന് നാവടക്കിവെക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ, വായനക്കാരേ? ഹാ! അങ്ങിനെ നിങ്ങൾ കരുതുന്നുണ്ടെങ്കിൽ, ലോകത്തിൽ നിങ്ങളെക്കാൾ ശുദ്ധാത്മാക്കളില്ല, വായനക്കാരേ! പറയൂ; അവർ പറയാതിരിക്കില്ല. പക്ഷെ നിങ്ങൾ അതൊക്കെ കേട്ട് വിശ്വസിച്ചു്, ധർമസംസ്ഥാപനത്തിനായിക്കൊണ്ടു്, നരനാരായണന്മാരെപ്പോലെ, ഉടലെടുത്തു് അവതരിച്ചിരിക്കുന്ന ഈ കലിയുഗത്തിലെ രണ്ടു പുണ്യാത്മാക്കളെപ്പറ്റി യാതൊന്നും അന്യഥാ ശങ്കിച്ചുപോകരുതേ! എന്നു മാത്രമേ സഞ്ജയൻ പ്രാർത്ഥിക്കുന്നുള്ളൂ. അല്ലെങ്കിൽ, പാക്കനാർ പറഞ്ഞതുപോലെ, 'ഒരട്ട നിങ്ങൾക്കുമായി!'—അത്രതന്നെ!!

കണ്ണിൽക്കലെങ്ങിയ കവിത.

(തുടർച്ച).

പതി—ഞാൻ—വിരചിച്ച മന്ത്രിരിസ്സ—
ത്തെത്തിർഗാനങ്ങളനേകമിങ്ങിരിക്കേ,
ഗതികെട്ടവൾ കണ്ണുവെച്ചതാകും
കൃതിയേതോ കിതവന്റെ കീർത്തനങ്ങൾ!

പറവാനതിലുള്ളതെന്തു പിന്നെ?—
ത്തിരമോടപ്പുടപുസ്തകം പറന്നു,
നിറവാൻവഴിഞ്ഞൊരെന്റെ കോപം
ചിറകാക്കി,ച്ചെറുജന്നലൊന്നിലൂടെ!

ഒരു മോർച്ചിരിയും ചിരിച്ചുകൊണ്ട—
ത്തരുണിപ്പൂൺപെഴനേറെ യാത്രയായി,
ഇരുകാലുമിടിച്ച ഹന്ത! തട്ടിൻ—
തിരുനെട്ടെല്ല തകന്നിടുംപ്രകാരം.

അവിളംബിതമാഞ്ഞണച്ച വക്ഷോ—
ഭുവി ചേർപ്പാനഥ ഞാൻ കിണഞ്ഞു;പക്ഷേ,
അവിചാരിത—മപ്പുറം നിനക്കെ—
ക്കവിയുന്നു കളിയല്ല പേടിയിന്നും!

ഒരു ശങ്കയവൾക്കു കണ്ടതില്ലാ—
പ്പൊരുവങ്കത്തി പിടിച്ചുനിത്തിയെന്നെ,
അരുതെന്നതു ഞാൻ വിലക്കിയിട്ടെ—
ന്തിരുന്നൂറായി നരുങ്ങിയെന്റെ മാനം!

കളിയായവൾ ചെയ്തതല്ല; (ചുമ്മാ
പൊളിയൊന്നും പറയേണ്ടതില്ലയല്ലോ!)
കുളിർമാന്തളിരൊത്ത കൈക്കുമപ്പോൾ
പുളിതൻ മെങ്കനലിന്റെ ചൂടതോന്നി!!

അവളാച്ചതിചെയ്തപോയ് ശ്രയിച്ചു,
ശിവനേ! ഞാനുമണഞ്ഞു മന്ദമന്ദം:
നവയൌവനമേ! തവപ്രഭാവം
പവനാക്കുന്നിതു മെമ്പുതുട്ടിനേയും!

മുറയോത്തൊരുവാക്കുമുച്ചരിക്കാ—
തറയിൽ തെല്ലുനടന്നു; ഞാൻതളർന്നു.
'കുറവെന്തിതിലുള്ള?'തെന്നു പിന്നെ—
ക്കുറവിട്ടോത്തരികത്തു മെന്നുകൂടി.

നലമാന്നൊരു കാമദേവസേവാ—
ഫലമന്നും മമ കമ്മിയായതില്ലാ:
പുലരുംവരെയെണ്ണി ഞാനുറങ്ങാ—
തലസാപാംഗി വലിച്ച കുക്കെല്ലാം!

കണവന്റെ കവിഞ്ഞ ഗോഷ്ടി കണ്ടാ—
ഗ്രണമേറും വധുവിന്നു കൈതരിച്ചു;
ചുണയാന്നൊരു വീക്കൽകൊണ്ടു പൊൻകാ—
പ്പിണചേരും കരമെത്ര നൊന്തുവാവോ!!

അമരപുരകവിപ്രമാണിമാക്കീ—
യമളി ഭവിക്കിലെനിക്കു ചുക്കുമില്ല;
കമനികയം ചിലരിങ്ങു പിന്തുടർന്നു
മമ രസികത്തിയെയെങ്കിലാണു മോശം!


പാലഞ്ചുംവാണിയാമ്മതൻ കരകമലതലം
വിട്ട വീണോരു കാവ്യം
ചാലേ പൊന്നീച്ചയായിച്ചെറുതിട വിഹരി—
ച്ചുന്നു കണ്ണിൽക്കലെങ്ങി;
നാലഞ്ചാണ്ടിന്നുപിമ്പിന്നതിനുടെമധുരം
വിസ്മരിക്കാതെവെച്ചീ—
നീലംകോലും കറുപ്പാന്നൊരു മഷിയിലഹൊ!
ഭവ്യനീ ഞാൻ പകർത്തി!!

മാധവജി.



സോവിയറ്റുനിണക്കൊടിയുടെ നിഴലിൽനിന്ന് നീങ്ങിത്തുടങ്ങിയിരിക്കുന്ന

പണ്ഡിത് ജവഹർലാൽ.



ലോകമഹായുദ്ധം അടുത്തുണ്ടാകും; ലോകമഹായുദ്ധം അടുത്തൊന്നും ഉണ്ടാവുകയില്ല;—എന്ന രണ്ടഭിപ്രായങ്ങളെ ആസ്പദിച്ച്, തങ്ങൾക്കു തോന്നുന്നതൊക്കെ വർത്തമാനപത്രങ്ങളിലേക്ക് എഴുതി അയക്കുന്നതു് (സഞ്ജയനെപ്പോലെ) തൊഴിലായി സ്വീകരിച്ചിരിക്കുന്ന വിദ്വാന്മാർ അന്യോന്യം വാദിച്ചു വാഗ്വാദം ചൊരിയുന്നതു കാണുമ്പോൾ, സന്തോഷം, ഇല്ലട്ടത്തുടെ കണ്ണും, ചെവിയും, തലയുമൊക്കെ എവിടെപ്പോയെന്നാലോചിച്ച്, സഞ്ജയൻ മൂക്കിന്മേൽ വിരൽവെച്ചുപോകുന്നു. "ഉഭൌ തൌ ന വിജാനീതോ!"—അവർ രണ്ടുകൂട്ടരും കാര്യം അറിയുന്നോരല്ല! ഇപ്പോൾ ഒരു ലോകമഹായുദ്ധം നടക്കുന്നില്ലെന്നതാണല്ലോ ഇരുകക്ഷികളും തങ്ങളുടെ വാദത്തിന്നു് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നതു്. ആ അടിസ്ഥാനത്തെ ഞാൻ നിഷേധിക്കുന്നു; അതു നേരല്ല!

* * * *

ലോകമഹായുദ്ധം തുടങ്ങിയിരിക്കുന്നു: ഇറ്റാലിയൻ ടോമ്മാർ ഏതു നശിച്ച മുഹൂർത്തത്തിൽ എത്യോപ്യയിൽ കാലെടുത്തുവെച്ചുവോ, ആ മുഹൂർത്തത്തിൽ, ശ്രീരാമൻ കാട്ടകയറിയപ്പോൾ ലങ്കാശ്രീ നാടുവിട്ടുപോലെ, ലോകസമാധാനശ്രീ ജനീവയിൽനിന്ന് അകന്നുതുടങ്ങിയിരുന്നു. ഇന്ന് ലോകമഹായുദ്ധത്തെക്കുറിച്ചുള്ള വിവരങ്ങൾകൊണ്ടാണ് നമ്മുടെ പത്രപങ്ക്തികൾ നിറഞ്ഞുവഴിയുന്നതു്. അത് ഭാവിയിൽ സംഭവിക്കുമോ ഇല്ലയോ എന്ന പ്രശ്നത്തെക്കുറിച്ചു് ഇപ്പോഴും വാദപ്രതിവാദം നടത്തുവാൻ ഒരുങ്ങിയിരിക്കുന്ന പുള്ളിയെക്കുറിച്ചു് ഒരൊറ്റ അനുമാനം മാത്രമേ (അദ്ദേഹത്തെ അവമാനിക്കാതെ കഴിക്കണമെന്നുണ്ടെങ്കിൽ) നിവൃത്തിയുള്ളൂ: അത് അദ്ദേഹം ഇരുന്നെഴുന്ന സ്ഥലത്ത് ബോംബുകളുടേയും വിഷവായുക്കളുടേയും ശല്യമില്ലെന്നു മാത്രവുമാണ്!

* * * *

ഇപ്പോഴും നടക്കുന്ന യുദ്ധം നോക്കിയാൽ, അത് 1914-ൽ ആരംഭിച്ച ലോകമഹായുദ്ധത്തേക്കാളും തുലോം ഭയങ്കരമാണെന്നും, അതുതന്നെ രാഷ്ട്രീയമഹാശക്തികളും അതിൽ പങ്കുകാരാണെന്നും എളുപ്പത്തിലറിയാം. അന്നു് യൂറോപ്പിന്റെ ചെറിയൊരു ഭാഗത്തു മാത്രമേ യുദ്ധമുണ്ടായിരുന്നുള്ളൂ: ഇന്നാകട്ടെ, യൂറോപ്പിലും ഏഷ്യയിലും അതു പടർന്നുപിടിച്ചിരിക്കുന്നു. ആഫ്രിക്കയിൽ അതിന്റെ ഒന്നാമത്തെ വെടിക്കെട്ട് പൊട്ടിത്തീർന്നിട്ടേയുള്ളൂ! ജാപ്പാൻ, ചൈന, ഇറാലി, ജർമ്മനി, സോവിയറ്റ് റഷ്യ, സ്പെയിൻ എന്നീ വമ്പിച്ച രാഷ്ട്രങ്ങൾ വെളിവിലോ ഒളിവിലോ അതിൽ പങ്കുകാരാണ്. 'ചീനാ-ജാപ്പാൻ വഴക്കു' കാരായ നമ്മുടെ ദിനപത്രങ്ങളെപ്പോലെ, ഇതൊക്കെ വെറുമൊരു 'വഴക്കാണ്' യുദ്ധമല്ല, എന്ന് വിശ്വസിക്കുവാനും, മറവുള്ളവരെ വിശ്വസിപ്പിക്കുവാനും ബ്രിട്ടനും ഫ്രാൻസും നന്നെ ശ്രമിക്കുന്നുണ്ടെന്നതു് നേരുതന്നെ; അതിന്നവക്ക് കാരണവുമുണ്ട്. പക്ഷേ നമ്മളെന്തിന്നു് അതു കേട്ട് സമാധാനിക്കണം? എന്നേ എനിക്കു ചോദ്യമുള്ളൂ.

* * * *

മുസ്സോളിനി ചരിത്രപ്രസിദ്ധമായിത്തീരാനിടയുള്ള തന്റെ ഹിറ്റ്ലർ സന്ദർശനം കഴിഞ്ഞു് റോമാപുരിയിൽ തിരിച്ചെത്തിയിരിക്കുന്നു. ഈ സർവ്വാധിപതികളും യൂറോപ്പിന്റെ സമാധാനം

ഭഞ്ജിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള യാതൊരു കൂടിയാലോചനയും ചെയ്തിട്ടില്ലെന്നു്, അവരുടെ ശബ്ദവാഹകങ്ങളായ ഇറാലിയൻ പത്രങ്ങളും ജർമ്മൻ പത്രങ്ങളും ഉച്ചൈസ്വരം ഉദ്ഘോഷിക്കുകയും ചെയ്തിരിക്കുന്നു: അതു നേരായിരിക്കാം പക്ഷെ, സ്പെയിനിൽ അനേകം രക്തപ്പുഴകളും പ്രവഹിപ്പിച്ചുകഴിഞ്ഞ ജനറൽ ഫ്രാങ്കോ "അവിടത്തെ ബെർലിൻ സന്ദർശനത്തിന്റെ പരിപൂർണ്ണവിജയത്തിൽ ഞാൻ ആഹ്ലാദിക്കുകയും കൃതാർത്ഥപ്പെടുകയും ചെയ്യുന്നു" എന്നു് മുസ്സോളിനിക്കു് ഒരു സന്ദേശമയക്കുകയും, പ്രസ്തുതസന്ദേശത്തിനു്, ഇറാലിയൻ സർവാധിപതി, ജനറൽ ഫ്രാങ്കോവിനു് അവിളംബിതജയമാശംസിച്ചുകൊണ്ടു് മറുപടി നൽകുകയും ചെയ്തിരിക്കുന്നു. ജനറൽ ഫ്രാങ്കോ നിർദ്ദേശിക്കുന്നതും, മുസ്സോളിനി നിഷേധിച്ചിട്ടില്ലാത്തതുമായ 'വിജയ'ത്തിന്റെ വ്യാഖ്യാനം, അചിരേണ യൂറോപ്പിൽ സർവദിക്കിലും രക്താക്ഷരങ്ങളിൽ എഴുതപ്പെടുവാൻ പോകുന്നു! എന്നു് ഞാൻ ഒരു കവിയായിരുന്നെങ്കിൽ, കവിതയിൽത്തന്നെ പറഞ്ഞേനേ!

* * * *

അതിരിക്കട്ടെ; മറ്റെല്ലാ അടിയന്തരകാര്യങ്ങളും തൽകാലത്തേക്കു് നിർത്തിവെച്ചു്, ഈ ലക്കത്തിൽ മലബാറിലുള്ള സഞ്ജയന്റെ വിദ്യാർത്ഥിസഹോദരന്മാരോടു് രണ്ടു വാക്കു് കാര്യമായിത്തന്നെ പറയുവാൻ സഞ്ജയൻ ആഗ്രഹിക്കുന്നു. അവർ സഞ്ജയന്റെ ഉദ്ദേശ്യത്തെ തെറ്റിദ്ധരിക്കാതിരിക്കുവാൻ ഒരപേക്ഷ ആദ്യംതന്നെ ഹാജരാക്കാം: സഞ്ജയന്റെ ഉദ്ദേശ്യങ്ങളെയും ആദർശങ്ങളെയും, തൊഴിലാളികളോടെന്നപോലെ, അവരോടും മറിച്ചു വ്യാഖ്യാനിക്കുവാൻ മനോഹരമായ ഒരു പരിശ്രമം നമ്മുടെ നിണക്കൊടിസ്സുഖാക്കാം ചെയ്യുമെന്നു് എനിക്കറിയാം. പക്ഷെ ഇരുകക്ഷികളും പറയുന്നതും അവധാനപൂർവം കേട്ടു്, ഒരു തീർപ്പു് കല്പിക്കുവാനുള്ള ഭാരം ഞാൻ അവർക്കു വിട്ടിരിക്കുന്നു.

* * * *

വലിയ നിലയിൽ പാഠിക്കുകയോ, വലിയ പരീക്ഷകളൊന്നും പാസ്സാവുകയോ ചെയ്തിട്ടില്ലെങ്കിലും, വിദ്യാർത്ഥിജീവിതമെന്ന ഭാസുരമായ ഒരു കാലഘട്ടത്തെ തരണംചെയ്തു വന്നവൻ തന്നെയാണു് സഞ്ജയനും. നിങ്ങളും സംഘടിക്കുകയും, ആദർശങ്ങളെ ലാക്കാക്കി പ്രവർത്തിക്കുകയും ചെയ്യുന്നതു് ഭാരതത്തിന്റെ ഭാവിഭാഗ്യസൂചകമായ ഒരു ചിഹ്നമാണെന്നതന്നെ സഞ്ജയൻ കരുതുന്നു: പക്ഷെ ഭാരതത്തിൽ ഇന്നു് രണ്ടാദർശങ്ങളം നിലവിലുണ്ടു്: സത്യത്തേയും, അഹിംസയേയും മുൻനിർത്തി, ത്യാഗപൂർണ്ണമായ സേവനത്താൽ അസമത്വത്തേയും അവശതയേയും പരിഹരിയ്ക്കണമെന്നുള്ള ഗാന്ധിജിയുടെ ദൈവികാദർശം; ഭിന്നാഭിപ്രായക്കാരുടെ തലവെട്ടി വീഴ്ത്തി, നിണമൊലിപ്പിച്ചുകൊണ്ടു് പട്ടിണി പരിഹരിപ്പാൻ കുതിച്ചുപായുന്ന റഷ്യയുടെ പൈശാചികാദർശം;—ഇതിൽ ഏതിനെയാണു് നിങ്ങൾ സ്വീകരിക്കുന്നതു് എന്നാണു് ചോദ്യം. വിദ്യാർത്ഥികളേ, സഞ്ജയൻ തമാശവിട്ടു് നിങ്ങളോടു് നേരിട്ടു നിന്നു് ചോദിക്കുകയാണു്: ഗാന്ധിജിയുടെ കീഴിൽ ധർമ്മഭടന്മാരായിത്തീർന്നു് ശാന്തവും, സുന്ദരവുമായ ഭാരതീയപദ്ധതിയിലോ, അന്യജന്തുക്കളെ കടിച്ചും ചീന്തിയും പുലരുന്ന ചെന്നായ്ക്കളുടെ പിറവിനാടായ റഷ്യയിലെ നിണക്കൊടിയുടെ കീഴിലോ, എവിടേയാണു് നിങ്ങൾ നിൽക്കുവാനാഗ്രഹിക്കുന്നതു്? ഈ ചോദ്യത്തിനുള്ള ഉത്തരം പറയുവാനെങ്കിലും, നിങ്ങൾ ഉടനടി സംഘടിക്കേണ്ടതത്യാവശ്യമായിരിക്കുന്നു!

* * * *

നിങ്ങൾ, താൽകാലികാവേശത്തിനു വശംവദരായി, ഇതുവരെ ചെയ്തതു് എത്രതന്നെയായിരുന്നാലും, അനേകായിരം കൊല്ലങ്ങളായി മൃഗങ്ങളുടെ പദവിയിൽ നിന്നു് ഉയർന്നുയർന്നു പോകുവാൻ ശ്രമിക്കുന്ന ഭാരതീയരുടെ രക്തം സിരകളിൽ ഇന്നും, ഭാഗ്യവശാൽ, വഹിക്കുന്ന നിങ്ങളിൽ തൊണ്ണൂറൊമ്പതു ശതമാനവും ഈ ചോദ്യത്തിന്നു് പറയാനിടയുള്ള മറുപടി എനിക്കറിയാം. പക്ഷെ നിങ്ങൾ ആ മറുപടി എന്നോടല്ല പറയേണ്ടതു്; ഇന്നലെച്ചൊരിഞ്ഞ രക്തത്തിൽ ഇന്നു് കുരുത്ത വിഷച്ചെടിയായ സോവിയറുകമ്മ്യൂണിസിദ്ധാന്തത്തെ ഈ ആർഷഭൂമിയിൽ

പൊരിച്ചു നടുകയെന്ന രാക്ഷസകൃത്യത്തിന്ന് നിങ്ങളുടെ ഇളംകൈകളുടെ സാഹായ്യം ആവശ്യപ്പെട്ടുവാൻ മടിക്കാതെ, രക്തക്കൊടിയുമായി സ്ക്കൂളിന്റെ ഗെയിററിൽ കാത്തുനിൽക്കുന്ന സഖാക്കളോടാണ് അതു പറയേണ്ടത്. അവർ അതു കേട്ട് മടങ്ങട്ടെ!

* * * *

സ്വാതന്ത്ര്യം നേടേണ്ടത് ആവശ്യമാണ്; പട്ടിണിക്ക് പരിഹാരം തേടേണ്ടത് അതിലുമേറെ ആവശ്യമാണ്; ഈ രണ്ടു സംഗതികളെപ്പററിയും ഭാവിപൌരന്മാരായ നിങ്ങൾ സ്വതന്ത്രമായും, അഗാധമായും ആലോചിക്കേണ്ടതും, എല്ലാ കമ്മ്യൂണിസ്ററുകളിലും വിജയത്തിന്ന് ഒഴിച്ചുകൂടാത്ത ഒരിനമായ വിജ്ഞാനസമ്പാദനത്തിന്ന് തടസ്ഥം നേരിടാത്ത വിധത്തിൽ, പ്രവർത്തിക്കേണ്ടതും സമുചിതവും, അത്യാവശ്യവും തന്നെ സ്വാതന്ത്ര്യം അനാവശ്യമെന്നോ, പട്ടിണിയുടെ നേരെ കണ്ണടക്കുകയാണ് വേണ്ടതെന്നോ ആണ് സഞ്ജയൻ പറയുന്നതെന്ന് അവരാരെങ്കിലും പറഞ്ഞാൽ, "കളവു പറയാതെ കടന്നു പോവൂ!" എന്ന് സഞ്ജയന്നുവേണ്ടി പറയുവാനുള്ള വക്കാലത്ത് ഞാൻ പൂർണ്ണവിശ്വാസത്തോടുകൂടി നിങ്ങളെ ഏല്പിക്കുന്നു. സ്വാതന്ത്ര്യസമ്പാദനത്തിന്നും, പട്ടിണിയുടെ പരിഹാരത്തിന്നും മൃഗങ്ങൾക്കും മൃഗതുല്യന്മാർക്കും പററിയ ഒരു വഴി റഷ്യ നിർദ്ദേശിച്ചിട്ടുണ്ട്; മനുഷ്യർക്ക് പററിയ ഒരു മാർഗം മഹാത്മജിയും നിർദ്ദേശിച്ചിട്ടുണ്ട്: ഇവയിൽ ഏതാണ് സ്വീകാര്യമെന്ന് നിങ്ങൾ, നിങ്ങൾക്കുവേണ്ടിത്തന്നെ, തീച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പ്രാപ്യസ്ഥാനത്തെപ്പററിയല്ല, പദ്ധതിയെപ്പററിയാണ് ചോദ്യം: നിങ്ങൾ എന്തു പറയുന്നു എന്നറിയുവാൻ സഞ്ജയൻ ഔത്സുക്യവും, ഉത്കണ്ഠയും, പ്രേമവും, പ്രത്യാശയും അലതല്ലുന്ന ഹൃദയത്തോടും, നിങ്ങളുടെ കൂട്ടത്തിൽ ഏതാൻ ചിലർ ചെയ്തതായി പറയപ്പെടുന്ന പ്രവൃത്തികളോർത്ത് ദുഃഖംകൊണ്ടും ലജ്ജകൊണ്ടും താഴ്ന്നുപോകുന്ന തലയോടുംകൂടി കാത്തുനിൽക്കുകയാണ്! ഭാരതത്തിന്ന് അഭിമാനകരമായിത്തീരുന്ന വിദ്യാർത്ഥിസംഘടന നീണാൾ ജയിക്കട്ടെ!

സഞ്ജയന്റെ എഴുത്തുപെട്ടി.

ചിരിയും കണ്ണീരും.

കഴിഞ്ഞ ലക്കത്തിലെ 'ഹാസ്യാഞ്ജലി'യെപ്പററി അജ്ഞാതനാമാവായ ഒരു സുഹൃത്തയച്ച സുദീർഘമായ ഒരെഴുത്തിന്റെ ഒടുവിൽ ഇങ്ങിനെ പറയുന്നു: ".....എങ്കിലും അതിലൊരു സംഗതിയെക്കുറിച്ച് എനിക്കുള്ള ചില സംശയങ്ങൾ 'സഞ്ജയൻ' മുഖേന പരിഹരിക്കുവാൻ അപേക്ഷയുണ്ട്."

അദ്ദേഹത്തിന്റെ സംശയങ്ങളെ താഴെ ചേർക്കുന്ന വിധത്തിൽ സങ്ഗ്രഹിക്കാം:

1. 'ഒരു ചിരിയിന്നു നിനക്കു ചേതമു-
ണ്ടൊരു കണ്ണീർക്കണമെനിക്കു ലാഭവും'
എന്ന് 'ഹാസ്യാഞ്ജലി'യുടെ ആദ്യത്തിലും ഒടുവിലും പറയുന്നുണ്ട്. 'നിനക്ക് ഒരു ചിരി ചേതമുണ്ട്' എന്നതിന്ന് 'പാന്ഥന്നുവേണ്ടി ഉദ്യാനം ചെലവാക്കിയത് ഒരു ചിരി മാത്രമാണ്', എന്നോ, അതല്ല, 'ഉദ്യാനത്തിന്നു പറിയ ആകെനഷ്ടം പാന്ഥനിൽ നിന്നു കിട്ടുവാനിടയുള്ള ഒരു ചിരി മാത്രമാണ്' എന്നോ?

2. ഈ സന്ദേഹം 'കണ്ണീർക്കണ'ത്തിന്നും ബാധകം തന്നെ. പാന്ഥൻ 'ലാഭ'മായിക്കരുതുന്ന കണ്ണീർക്കണം ആരുടെയാണ്? ഉദ്യാനത്തിന്റെയോ പാന്ഥന്റെയോ? ഉദ്യാനത്തിന്റെതാണെങ്കിൽ, അത് ആസക്തിജന്യമായ പാന്ഥന്റെ പശ്ചാത്താപത്തേയും, പാന്ഥന്റേതാണെങ്കിൽ, അല്പമായ ഒരു കൃതഘ്നതയേയും അതു സൂചിപ്പിക്കുന്നില്ലേ?

3. "തിരിച്ചു ഞാനെത്തുംവരെയ്ക്ക്—" എന്ന പ്രയോഗത്തിൽ സൂചിതമായ പുനസ്സമാഗമം 'ഇന്നു'തന്നെയോ, 'ഇനി വരാനുള്ള ദിവസങ്ങളി'ലേതിലെങ്കിലുമോ? 'ഇന്നാ'ണെങ്കിൽ ലാഭചേതങ്ങളെ കണക്കുകൂട്ടിത്തിട്ടപ്പെടുത്തിയത് ആകാലികമല്ലേ? ഭാവിയെ സംബന്ധിച്ചാണെങ്കിൽ, തിരിച്ചുവരേണ്ടിവരുമെന്ന് തീച്ചപ്പെടുത്തിയവൻ വിടാൻ വെമ്പുന്നതെന്തിനെന്നുള്ള ഒരു ചോദ്യത്തിന്നു ഇടമില്ലേ?

സന്ദേഹസ്വരൂപം സംക്ഷേപത്തിൽ മാറിപ്പോയിട്ടില്ലെന്നു് പ്രത്യാശിച്ചുകൊണ്ടു്, സഞ്ജയൻ ഇങ്ങിനെ മറുപടി പറയുന്നു:—

ആദ്യത്തെ രണ്ടു വരികളിൽ, ചിരിയും കണ്ണീരും ഉദ്യാനത്തിന്റെയാണു്; ആദ്യം ചിരിച്ച ചിരി ഉദ്യാനത്തിനു് ഗണ്യമായ ഒരു ലേവും, പിരിയുമ്പോൾ പൊഴിച്ച കണ്ണീർ പാന്ഥനു് ഗണ്യമായ ഒരു ലാഭവുമാണെന്നു എന്നർത്ഥം. ഒട്ടക്കത്തെ വരികളിലെ ചിരിയും കണ്ണീരും പാന്ഥന്റേയാണു്: പാന്ഥന്റെ വേർപാടുനിമിത്തം നഷ്ടമാകുന്ന അവന്റെ ചിരി മാത്രമേ ഉദ്യാനത്തിനു് ലേഭമായി ഗണിക്കാനുള്ളു എന്നും, പാന്ഥൻ പൊഴിക്കേണ്ടിവന്ന കണ്ണീർ അവനു്, പക്ഷെ, ലാഭമായി കരുതാമെന്നും അർത്ഥം. ഈ അർത്ഥഭേദം, 'ഒരു ചിരിയിന്നു നിനക്കു ലേഭമുണ്ടു്', 'ഒരു ചിരി മാത്രം നിനക്കു ലേഭമാണു്' എന്ന വരികളുടെ വ്യത്യാസംകൊണ്ടു്, പ്രയത്നാനയെങ്കിലും, ഗമ്യമായിരിക്കുമെന്നായിരുന്നു സഞ്ജയന്റെ വിശ്വാസം. ആസക്തിയെ സംബന്ധിച്ചിടത്തോളം, സഞ്ജയന്റെ പാന്ഥൻ മുക്തനല്ല, ആരുരക്ഷു മാത്രമാണെന്നേ; കൂടെല്ലാതാപ്രതീതി, മോഹജന്യമാകയാൽ, അപ്രസക്തമെന്നും; അഥവാ പ്രസക്തിയുണ്ടെങ്കിൽത്തന്നെ, ഇരുവശത്തുമുണ്ടാകാവുന്നതുകൊണ്ടു്, പരസ്പരവിനാശഹേതുകമാണെന്നും, വേണമെങ്കിൽ, സമാധാനം പറയാം.

'തിരിച്ചുതാനെന്നുംവരെയ്ക്കു്—' എന്ന പ്രയോഗത്തിൽ പ്രത്യാശാസുഭഗമായ ഒരു പ്രതീക്ഷയാണു് പാന്ഥനുള്ളതെന്ന തെറ്റിദ്ധാരണയാണു് തത്സംബന്ധമായ സന്ദേഹത്തിന്നാസ്പദമായിത്തീർന്നതെന്നു് സഞ്ജയൻ ശങ്കിക്കുന്നു; അതു്, ആത്മദൌർബല്യംഹേതുവായി, അപരിഹരണീയങ്ങളെന്നു് പാന്ഥൻ ഭയപ്പെടുന്ന ലോഭനകളുടെ ഫലമായിക്കൂടെന്നുണ്ടോ? "ബഹുനാം ജന്മനാമന്തേ"... എന്നു് ഗീതകാരൻ പറയുന്ന സ്ഥിതിക്കു്, 'വരാനിരിക്കുന്ന ദിവസങ്ങളി'ലെ അനുഭവത്തെപ്പറ്റി അതിരുകവിഞ്ഞ പ്രത്യാശയ്ക്കു് വഴിയെവിടെ?

ഇനിയും ഈ വിഷയത്തിൽ സന്ദേഹങ്ങളുണ്ടെങ്കിൽ, അവയെക്കുറിച്ചുള്ള ചർച്ച 'സഞ്ജയ' പങ്ക്തികൾക്കു് പറ്റാത്തതായിരിക്കുവാനാണിടയുള്ളതു്. ഇപ്പോഴത്തന്നെ, തൊണ്ണൂറൊമ്പതു ശതമാനം—പോരെന്നു തോന്നുന്നു!—വായനക്കാർക്കും വാദവിഷയമായ 'ഹാസ്യാഞ്ജലി'യും, സംശയക്കാരന്റെ ചോദ്യങ്ങളും, സഞ്ജയന്റെ മറുപടികളും, മുന്നും ഒരുപോലെ, ഒരു മങ്ങിയ 'കുതിരവട്ടപ്രതീതി' മാത്രം ഉളവാക്കുവാനേ ഉതകിയിട്ടുള്ളു എന്നും പി. എസ്സിന്നു് ഒരു കൂസ്യതിത്തോന്നൽ തോന്നായ്കയുമല്ല. അതുകൊണ്ടു്, ഇതിലും വിപുലമായ ഒരു വിശദീകരണം വേണമെങ്കിൽ, പേരും മേൽവിലാസവും അറിയിച്ചുതരുന്നപക്ഷവും. സഞ്ജയന്റെ ഭയങ്കരമടി സമ്മതിക്കുമെങ്കിലും, തപാൽവഴിക്കു് ആകാമെന്നു മാത്രമേതൽക്കാലം പറയേണ്ടതുള്ളു. ചോദ്യങ്ങളുടെ സ്വഭാവംകൊണ്ടു് ഈ മറുപടി പര്യാപ്തമായിരിക്കണമെന്നു് വിചാരിക്കായ്കയൊട്ടുമില്ലതാനും!

"സ്ഥലം ആശുപത്രിയിലെ ബെഡ്ഡുകളും ഹിതാനുസരണം എല്ലാ ഡോക്ടർമാർക്കും നൽകണമെന്നും മറവും കാണിച്ചു മി—മുതൽപ്പേർ നിവേദനംമൂലം ദിവാൻജി അവർകൾക്കു് സമർപ്പിച്ച ഹർജിയും.....തൽസംബന്ധമായി ചീഫ് മെഡിക്കൽ ആഫീസർ അവർകളുടെ റിപ്പോർട്ടും രേഖപ്പെടുത്തിയിരിക്കുന്നതായി മാത്രം ഗവർമ്മേണ്ടിൽനിന്നു ഉത്തരവായിരിക്കുന്നു."


—ദിനപത്രത്തിൽ വർത്തമാനക്കത്തു്.

ആശുപത്രികളിലെ ബെഡ്ഡുകളുടെ അവകാശികൾ ഡോക്ടർമാരും നേഴ്സുമാരുമാണെന്നുള്ള വിവരം രോഗികൾക്കു് എത്രമേൽ ആശ്വാസപ്രദമായിരിക്കുമെന്നാണു് ഞങ്ങളാലോചിക്കുന്നതു്.

"ഇപ്പോഴത്തെ മഹാരാജാവായ കേണൽ സർ ഗംഗാസിംഗ് ബഹദൂർ 1880-ൽ ജനിച്ചു. അദ്ദേഹത്തിന്നിപ്പോൾ 5 വയസ്സാണു്."

—മലബാർ പത്രം.

ഈ കണക്കിൽത്തന്നെ തിരുമേനി പരലോകവാസ്സുവരെ ജീവിച്ചിരിക്കണമെന്നേ ഞങ്ങൾക്കു് പ്രാർത്ഥനയുള്ളു!



കുട്ടികളെന്തറിഞ്ഞു!

മരുമകൻ:—'മാമാ ചാവക്കാട്ട പൂവ്വാ?

കാരണവർ:—അല്ല, ചെക്കാ!—ന്തേ നീ ചോദിക്കുന്നത്?

മരുമകൻ:—ഒന്നുല്ല; അച്ചൻ പറഞ്ഞു—മാമാ ചാവക്കാട്ടെക്ക് ടിക്കറ്റ് വാങ്ങിയാലേ ഈ വീട്ടിൽ സൈരമുണ്ടാവുള്ളു എന്ന്.

ജനാർദ്ദനൻപിള്ളയുടെ പ്രണയലേഖനം.

ഓമനേ, തങ്കം,

ഭവതിയുമായി രണ്ടുദിവസംമുമ്പ് വേർപെട്ടതിനുശേഷമുള്ള എന്റെ സ്ഥിതി ഞാൻ എഴുതി അറിയിക്കുവാൻ ശ്രമിക്കുന്നില്ല. രണ്ടുദിവസം! അഹോ, എനിക്കതു രണ്ടു മാസമായിത്തോന്നുന്നു—രണ്ടുകൊല്ലം—രണ്ടുയുഗം—രണ്ടുകല്പം! ആ സ്വർഗീയസമാഗമത്തിന്ന് രണ്ടുദിവസം കൂടി ഇനിയും ഞാൻ കാത്തിരിക്കേണ്ടിവരുമെന്നതാലോചിക്കുമ്പോൾത്തന്നെ എന്റെ ദേഹം ചുട്ടുനീറുന്നു, നെറ്റി വിയർക്കുന്നു, നാഡികൾ തളരുന്നു. ചന്ദ്രൻ എന്റെ തങ്കത്തിന്റെ മുഖത്തും, നക്ഷത്രങ്ങൾ അവളുടെ കണ്ണുകളിലും, കുരിശുട്ട് അവളുടെ തലമുടിയിലും, പ്രഭാതം അവളുടെ പുഞ്ചിരിയിലും, അന്തിച്ചോപ്പ് അവളുടെ ചുണ്ടുകളിലും, നാനാസുരഭിലപുഷ്പങ്ങളും അവളുടെ ദേഹത്തിലും ആയിരിക്കെ, അവൾ അടുത്തില്ലാത്ത ദിനരാത്രങ്ങളിൽ പ്രപഞ്ചംതന്നെ എനിക്ക് അസുന്ദരവും ദൃഷ്പ്രേക്ഷ്യവുമായിത്തീരുന്നതിൽ അത്ഭുതപ്പെടുവാനെന്തുള്ളു? ഓമനേ, ഭവതി എന്റെ കണ്ണിലെ വെളിച്ചമാണ്; എന്റെ മൂക്കിലെ പ്രാണനാണ്; എന്റെ രക്തത്തിലെ ചൂടാണ്; എന്റെ ദേഹത്തിന്റെ ചൈതന്യമാണ്; എന്റെ പ്രാണന്റേയും പ്രാണനാണ്; എന്റെ ഇഹത്തിലേയും പരത്തിലേയും ഗതിയാണ്. ഹാ, ഭവതിയുടെ ഒരു തലനാരിഴയുടെ അറ്റത്തെ കൊച്ചുമുഴുപ്പിനുവേണ്ടി—നിലാവത്തു കിടക്കുന്ന കണ്ണാടിത്തുണ്ടുപോലെയുള്ള ഭവതിയുടെ കാൽവിരലിന്റെ ഒരു കൊച്ചുനഖത്തിനുവേണ്ടി—എത്ര ജീവൻ ഞാൻ സസന്തോഷം ബലികഴിക്കുകയില്ല! അയ്യോ, എന്റെ ഹൃദയത്തെ കീറിമുറിച്ചുകൊണ്ട് അതിസാവധാനത്തിൽ ഇഴഞ്ഞിഴഞ്ഞുപോകുന്ന എത്ര സെക്കൻഡുകളെ ഞാൻ ഇനിയും പ്രാണവേദനയോടുകൂടി ഉന്തിത്തള്ളി നീക്കണം!—അതെനിക്കാലോചിക്കുവാൻ വയ്യാ!! പിന്നെ, ഓമനേ, കഴിഞ്ഞ ഞായറാഴ്ച ഭവതിയുടെ ആവശ്യപ്രകാരം ഒരു ആരഞ്ഞു വാങ്ങുവാൻ ഞാൻ ചെലവുചെയ്ത ഒന്നേകാൽ ചക്രം ഈ എഴുത്തു തരുന്നവൻവശം മറക്കാതെ അയക്കുമല്ലോ.

എന്ന്, ആജീവനാന്തം ഭവതിയുടെ,

ജന്നു.

പരസ്യമേ, പരസ്യം!

(കേകം)

മാന്യരേ, വരിൻ!വരിൻ!
കവിതപ്പരസ്യത്തി–
ലന്യർക്കു തെല്ലും വിട്ടു–
കൊടുപ്പോരല്ലീഞങ്ങൾ!
സോപ്പുകളും, കണ്ണാടികളും,
സെൻറുകളും പലജാതി,
ചീർപ്പുകളും, റെയ്സർ ബ്ലെയിഡും–
രഞ്ഞൂറിൽപ്പരം തരം,
കോപ്പുകളും, പിഞ്ഞാണങ്ങളും,
പെൻസിൽ, പെൻ തൊട്ടെഴുത്തു–
കോപ്പുകളഖിലവും,
രബ്ബറം–മാച്ചീടുവാൻ,
പൂസുകളും, പാപ്പാസുകളും,
തൊപ്പികളും നാനാവിധം,
വാസന തിങ്ങും വാസ–
ലൈനും,മാഹേറോയിലും,
കുട്ടികൾക്കുള്ള കളി–
പ്പാട്ടങ്ങളയ്യായിരം
മട്ടിലാണതൊക്കെയും
വണ്ണിപ്പാനിടം പോരാ!
പാൽപ്പൊടി, പടലതരം
ഫുഡ്ഡുകളും, മീനെണ്ണകളും,
പൽപ്പൊടി, ടൂത്ബ്രഷ്ഷുകളും,
പെയ്സ്റുകളും, ഹേർബ്രഷ്ഷുകളും,
ബ്ലേഡുകളും, പട്ടനൂലും,
വൂനൂലും, കമനീയ–
വാച്ചുകളും, ലോസഞ്ചുകളും,
ബിസ്കറമിഠായികളും,
എന്തെന്തു കാണ്മീലിങ്ങീ–
ട്ടനിയാവിങ്കലുള്ള
ചന്തമേറീടും നാനാ–
മാതിരിപ്പടപ്പുകളും?
കാന്ത കീശയിലുള്ളോ–
ക്കായതു കളഞ്ഞീടാൻ
ലേശവും ക്ലേശമിങ്ങു
കാണുകി,ല്ലതേ സത്യം!

പരസ്യമഹാകവി.

ബാലപങ്ക്തി.

അവാലപ്രസംഗം.

കുട്ടികളേ,

വാലുപോയ കുറുക്കന്റെ തമാശയായ കഥ നിങ്ങളെല്ലാം കേട്ടതാണല്ലോ. തന്റെ വാലു പോയ്പോയതിന്നുശേഷം, മറ്റു കുറുക്കന്മാരെയും, തന്നെപ്പോലെ, മുറിവാലന്മാരാക്കിത്തീർക്കുവാൻ അവൻ ചെയ്ത ശ്രമം ഫലിക്കാതെ പോയി. സമർത്ഥന്മാരായ കുറുക്കന്മാർ അവന്റെ ഉപായം മനസ്സിലാക്കി അവനെ പരിഹസിച്ചു് പായിച്ചു.

പിന്നീട് അവൻ വേറൊരു തന്ത്രം ആലോചിച്ചു. അതിന്റെ ചരിത്രമാണ് ഞാൻ നിങ്ങളോടു് ഇന്നു പറയാൻ വിചാരിക്കുന്നതു്. മുതിർന്ന കുറുക്കന്മാർ തന്റെ പ്രസംഗങ്ങളും കേട്ടിട്ടൊന്നും കൂടുങ്ങാത്തതിനാൽ, കുട്ടിക്കുറുക്കന്മാരെ പറഞ്ഞുമിരട്ടി അവരെക്കൊണ്ട് തങ്ങളുടെ വാലുകളും മുറിപ്പിക്കുവാൻ അവൻ ആലോചിച്ചു. മുതിർന്ന കുറുക്കന്മാർ പുറത്തുപോയ തഞ്ചംനോക്കി അവൻ എല്ലാ മടകളിലും ചെന്നു് കുട്ടിക്കുറുക്കന്മാരെയൊക്കെ വിളിച്ചുകൂട്ടി ഇങ്ങിനെ പ്രസംഗിച്ചു:

"എന്റെ കുട്ടിക്കുറുക്കസ്സുഖാക്കളേ,

ഇത് സംഘടനയുടെ കാലമാണ്. എല്ലാവരും എല്ലാടിക്കിലും സംഘടിച്ചു് അന്യോന്യം യുദ്ധം ചെയ്യുകയും, കൊല്ലുകയും ചെയ്യുന്നു. ഇതാണ് സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം നിങ്ങൾക്കും വേണ്ടതാണ്. നിങ്ങളും ഉടനെ സംഘടിക്കണം. സ്വതന്ത്രരാവുക എന്നുവെച്ചാൽ അച്ഛനമ്മമാരും, മുതിർന്നവരും പറഞ്ഞതൊന്നും കേൾക്കാതെ അവരവർക്കു തോന്നിയപോലെ നടക്കുകയാണ്. പക്ഷെ ഞാൻ പറയുന്നതു് നിങ്ങളെല്ലാവരും അനുസരിക്കണം. എന്റെ പിന്നാലെ നടക്കുന്നതും, ഞാൻ പറയുന്നതുപോലെ പ്രവർത്തിക്കുന്നതും മാത്രം അസ്വാതന്ത്ര്യമല്ല. നിങ്ങളെ ശാസിക്കുവാൻ നിങ്ങളുടെ മാതാപിതാക്കന്മാർക്കും ഗുരുനാഥന്മാർക്കും അധികാരം

കൊടുത്തു? നിങ്ങളെ ഉപദേശിക്കുവാനുള്ള അർഹത അവക്ക് എവിടെനിന്നു കിട്ടി? നിങ്ങളും ഒരിക്കലും അവർ പറയുന്നതു കേട്ടു നടക്കരുത്. അവരുടെയൊക്കെ വാലു മുറിച്ചുകളയുവാൻ ഞാൻ അവരോട് എത്രതന്നെ ഉപദേശിച്ചിട്ടും യാഥാസ്ഥിതികന്മാരും മക്കടമുഷ്ടിക്കാരുമായ അവർ അതു കേട്ടിട്ടില്ല അതുകൊണ്ട് നിങ്ങളുടെ സ്വാതന്ത്ര്യബോധത്തെ തെളിയിക്കുവാനും, അവരുടെ ചൂഷണത്തെയും, കുതിരകയറലിനെയും പ്രതിഷേധിക്കുവാനും മാത്രമായിട്ടെങ്കിലും, നിങ്ങളെല്ലാവരും നിങ്ങളുടെ വാലുകളും ഈ നിമിഷം മുറിച്ചുകളയണം. വേണമെങ്കിൽ ഞാൻ അതു ചെയ്തുതരാം! എന്നെ നിങ്ങളുടെ നേതാവായി സ്വീകരിച്ചാൽ മതി. നിങ്ങളുടെ മാതാപിതാക്കന്മാരോ മറ്റോ ഇതിനെതിരായി എന്തെങ്കിലും പറഞ്ഞാൽ ഉടനെ മടകളും വിട്ട് പുറത്തിറങ്ങി എന്റെ പിന്നാലെ പോരുവിൻ! 'വിപ്ലവം ജയിക്കട്ടെ!' എന്നു നിലവിളിച്ചുകൊണ്ട് നമ്മുക്ക് ഈ കാട്ടിൽക്കൂടി ഒരു ഘോഷയാത്ര ചെയ്യാം. അതു കണ്ടാൽ അവർ പേടിച്ചു വിറക്കും.

"വാലു പോകുന്നതിനെപ്പറ്റി നിങ്ങൾക്ക് യാതൊരുവ്യസനവും വേണ്ട. വാലു കേവലം അനാവശ്യമായ ഒരു സാധനമാണ്. "വാല് വാലിനുവേണ്ടി!' എന്ന് യാഥാസ്ഥിതികന്മാരും മുതലാളികളുടെ ഏജണ്ടുമാരുമായ പഴഞ്ചൻ കുറുക്കന്മാർ പറഞ്ഞുകൊണ്ടു നടന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നതൊക്കെപ്പോയി. വയറു നിറക്കുവാൻ ഉപകരിക്കാത്ത യാതൊരു അവയവും നമുക്കിനി ആവശ്യമില്ല. ക്രമേണ നമ്മുക്ക് തലയിൽനിന്ന് അനാവശ്യമായി തള്ളിനിൽക്കുന്ന ചെവികൂടി മുറിക്കണം. ആരാണ് നമ്മളെത്തടയുക എന്ന് കാണാമല്ലോ!

"സഖാക്കളേ, വാലുമുറിക്കുമ്പോഴുള്ള വേദന സാരമില്ല. അല്പം ചോരയും വരുമായിരിക്കും. അതും അത്ര ഗണിക്കാനില്ല. ചോരയാണ് വിപ്ലവത്തിന്റെ അടയാളം. ധാരാളമായി ചോരയൊഴുക്കാതെ കിട്ടുന്ന യാതൊന്നിനും വിപ്ലവക്കാരുടെ കണ്ണിൽ വിലയില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം: അതുകൊണ്ട് ഉടനെ സംഘടിക്കുവിൻ! മാതാപിതാക്കന്മാരുടേയും മുതിർന്നവരുടേയും കുതിരകയറലിൽനിന്ന് രക്ഷപ്രാപിച്ച് നിങ്ങളുടെ സ്വാതന്ത്ര്യബോധത്തെ പ്രഖ്യാപനം ചെയ്യുവിൻ! ഏറെപ്പറഞ്ഞാൽ മടകളും വിട്ടു പുറത്തിറങ്ങുവിൻ! ഇൻകിലാബ് സിന്താബാദ്!"

ഈ പ്രസംഗം കേട്ടപ്പോൾ സാധുക്കളായ അനേകം കുട്ടിക്കുരങ്ങന്മാർ തൽക്കാലം ഇതൊക്കെ ശരിയാണെന്ന് വിശ്വസിച്ച്, തങ്ങളുടെ വാലുകളും മുറിച്ചുകളഞ്ഞു. അവക്ക് കഠിനമായ വേദനയുണ്ടായെങ്കിലും, സ്വാതന്ത്ര്യത്തിനുവേണ്ടിയാണെന്ന് വിചാരിച്ച്, അവർ അതൊക്കെ സഹിച്ചു. അവരുടെ മാതാപിതാക്കന്മാർ മടകളിൽ തിരിച്ചെത്തിയപ്പോൾ, അവർ ഈ കാഴ്ച കണ്ട് വളരെ വ്യസനിക്കുകയും, ഈ വിഡ്ഢിത്തം കാണിച്ചതിനു കുട്ടിക്കുരങ്ങന്മാരെ ശാസിക്കുകയും ചെയ്തു. ഉടനെ കുട്ടിക്കുരങ്ങന്മാർ ക്ഷോഭിച്ചു പുറത്തേക്കിറങ്ങി തങ്ങളെ കാത്തുനിൽക്കുന്ന അവാലസ്സുഖാവിന്റെ പിന്നാലെച്ചെന്നു ഒരു ഘോഷയാത്ര ആരംഭിച്ചു. "വാലുകളും—"എന്ന് അവാലസ്സുഖാവ് പറയുമ്പോൾ "നശിക്കട്ടെ!" എന്ന് കുട്ടിക്കുരങ്ങന്മാർ ആഞ്ഞുവിളിച്ചു. ഇപ്രകാരം "മാതാപിതാക്കന്മാർ—നശിക്കട്ടെ!" "വാലുമുറി—ജയിക്കട്ടെ!"; "ഇൻകിലാബ്—സിന്താബാദ്!"എന്നീ വിളികളോടുകൂടി അവർ കുറെ ദിവസം കാട്ടുമുഴുവൻ ചുറ്റിനടന്നു.

കുട്ടികളേ, ദുഃഖകരമായ ഈ കഥയുടെ അവസാനഭാഗം ഇന്നു ഞാൻ നിങ്ങളോട് പറയുന്നില്ല. അതു പറയുവാൻ എനിക്ക് ഒരിക്കലും അവസരം നേരിടാതിരിക്കട്ടെ! എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളെയെല്ലാം, യാതൊരു വ്യത്യാസവുമില്ലാതെ, ആന്തരമായി സ്നേഹിക്കുന്ന നിങ്ങളുടെ സഞ്ജയേട്ടന് നിങ്ങളോട് ഒരൊറ കാര്യം മാത്രമേ പറയുവാനുള്ളു: നിങ്ങളും അവാലസ്സുഖാക്കളുടെ വലയിൽപ്പെടരുതേ! നിങ്ങളുടെ അച്ഛനമ്മമാക്കളിലും അധികം സ്നേഹം നിങ്ങളോട് അവക്കാണുള്ളതെന്ന് അവർ പറയുമ്പോൾ നിങ്ങളും വിശ്വസിക്കൊല്ലേ! ഈയൊരു കാര്യം നിങ്ങളോട് ഇനിയൊരു പ്രാവശ്യംകൂടിപ്പറയാൻ നിങ്ങളും ഒരുവിധത്തിലും ഇടവരുത്തരുതേ!

എന്ന്, നിങ്ങളുടെ സ്വന്തം,

സഞ്ജയേട്ടൻ.





"ഏയ്, കിഴവി! ഒരപ്പം തരുമോ?"

"കടന്നു പോ പുറത്ത്! അപ്പം! അടയാണ്!"





"അയ്യോ, ബ്ലീച്ചടിച്ചല്ലോ, ചങ്ങാതി! ആ അസത്തുകിഴവി ആട്ടിപ്പുറത്താക്കി!"

"ശരി; ഞാൻ വാങ്ങിവരുന്നതു് നോക്കിക്കോ!"





"വലിയമ്മാ! നിങ്ങടെ അപ്പം ചുട്ടന വാസന എല്ലരത്തറിയുന്നു! ഇപ്പോഴത്തെ പെണ്ണുങ്ങൾക്ക് ഇങ്ങിനെയൊന്നും അപ്പമുണ്ടാക്കാനറിഞ്ഞുകൂട. അതീച്ച!"





"നോരോ വാസനപോലെരുചിയുണ്ടായിരിക്കയില്ല എന്നാലും നീ രണ്ടെണ്ണം തിന്നുനോക്ക്!"

ആ മത്സ്യം റഷ്യൻ സോഷ്യലിസവും.

യ്യാ, കടലെ! ഇതെല്ലാരള്ളാ! നിങ്ങള് കണ്ടോ, മേഷ്ട്ടേ? പണ്ടൊക്കെ വെള്ളപ്പൂട്ടാളന്നും കറുത്ത പട്ടാളന്നും രണ്ട് പട്ടാളായിരുന്നു ഉള്ളത്. ഇപ്പഴ് നമ്മളെ സകാക്കളെല്ലാംകൂടി ഒരു ചോപ്പു പട്ടാളംകൊണ്ട് നാട് തകിടം മറിക്കാനുള്ള പുറപ്പാടാണ്. അതാണിത്.

ഇവരെയാരെയും കുറ്റം പറയല്ലേ, മേഷ്ട്ടേ! നമ്മളെപ്പോലെ വെളുക്കുമ്പത്തൊട്ട് കറുക്കുന്നവരെ തടിവെള്ളാക്കി, മൊതലാളിന്റെ മാസ്സുണ്ടായിട്ട് നാലണന്റെ പൈസ്സ കിട്ടിയാൽ അതുംകൊണ്ട് പൊരക്ക് പോയി കഞ്ഞ്യാ വെള്ളോ കുടിച്ച് പിറപ്പൊട്ടുന്ന പാവങ്ങടം— അവരെന്തുകണ്ടു, മേഷ്ട്ടേ?

ഇപ്പഴവക്ക് പട്ടിണിയേ പൊറുപ്പിക്കണ്ടു. ഈ സകാക്കളെല്ലാംകൂടി പറഞ്ഞു പറഞ്ഞ് ഹാലിളക്കി അവരെത്തുള്ളിച്ച് നാടൊക്കെ പൊരച്ചൂട്ടും, വെട്ടും കുത്തും, ക്ലക്പ്പൊട്ടാളവും, മോട്ടോർവെടിയും, പടപ്പാച്ചലും ആയാൽ ഒരൊറ സകാവിനെ ഇവിടെ മഷിവെച്ചു നോക്കിയാൽ കാണ്വല്ല, കേട്ടോ മേഷ്ട്ടേ! ഇന്നാട്ടുകാരുടെ സാധുത്തരംകൊണ്ട് ഇവിടെക്കിടന്നു തിരിഞ്ഞ് നാവടക്കിവെക്കാതെ ചിലച്ച് കൊയപ്പുണ്ടാക്കാൻ നോക്കുന്ന കൂട്ടത്തിൽ കുറേയെണ്ണം അങ്ങുന്നും ഇങ്ങുന്നും കടന്നുവന്നതാണുപോലും! അവക്ക് മടങ്ങിപ്പോയി അവരവരെ നാട് നന്നാക്കാൻ നോക്കരുതോ, മേഷ്ട്ടേ? അവിടെയൊക്കെ കൂലിക്കാരുടെയും കൃഷിക്കാരുടെയും കായ്ം ഇന്നാട്ടിലെക്കാളും പെരുത്ത് ഹലാക്കിലാന്നല്ലെ പറയുന്നത്? പണ്ടൊരു തികപ്പിരാന്തത്തി താനുടുത്ത തുണിയഴിച്ച് അരപ്പിരാന്തത്തിക്ക് മാറുമറയ്ക്കാൻ എറിഞ്ഞുകൊടുത്ത കഥ ആരോ ഇന്നാളം പറഞ്ഞു. അതുപോലെയല്ലേ, മേഷ്ട്ടേ, ഇവരുടെ കായ്ം? അവിടെ ഇതൊക്കെ കേൾക്കാനാളുണ്ടാവുല്ലെന്നാ പറയുന്നത്. അതു നേരായിരിക്കും. എന്നല്ല അന്നാട്ടിലെങ്ങാൻ ഇങ്ങിനെയൊന്നു മിണ്ടിപ്പോയാൽ പൊറത്തെ പൊടി കാണ്വല്ല.

ഇവരെ കൂട്ടത്തിൽ നല്ല രണ്ടുമൂന്നാളുകളുണ്ട്, അതാണെനിക്ക് സങ്കടം, മേഷ്ട്ടേ! അവര് നേരായിട്ട്, പട്ടണികിടക്കുന്നവരെപ്പറ്റി ഉള്ളലിഞ്ഞ്, ഈ ഹലാക്കിന്റെ കൊടിയും പിടിച്ച് നടക്കുന്നതാണ് അതിന്നൊരു പൊരുതിയെന്നു വിചാരിച്ച് പുറപ്പെട്ടതാണ്. അവരുടെ പേരിന്റെ തണലിൽ നടക്കുന്ന ചെയ്ത്താന്മാരൊക്കെ അവരെപ്പോലെ ആരാന്റെ പട്ടിണി മാറാനും, കടംകൈയൊന്നും കാട്ടാതെ കായ്ം സബ്ബർചെയ്യാനും നടക്കുന്നവരാണെന്നാണ് അവർ കണ്ടിരിക്കുന്നത്. എന്നാൽ, മേഷ്ട്ട് കേൾക്കുന്നോ, ഈ നല്ല കൂട്ടരാണ് ഇതൊക്കെ ഇത്ര എടങ്ങേറിലാക്കുന്നത്. മറേറ ചോരകുടിയന്മാരെയും തീവിഴുങ്ങികളെയും അവർ പുറത്തുതട്ടി അടുപ്പിച്ച്, 'സകാവേ, സകാവേ' എന്നു വിളിച്ചു നടക്കുന്നതുകൊണ്ട് അതു കാണുന്ന നമ്മളെപ്പോലുള്ളവര് വിചാരിക്കും, ഇതൊക്കെ ഒരു കെട്ടാണ്; ഇവരും അവരും പറയുന്നതിന്റെ കള്ളിയൊക്കെ ഒന്നാണ്, എന്ന്.

ഇതിനിടെ വള്ളുവനാട്ട്വെച്ച് ഒരു സകാവ് പറഞ്ഞതറിഞ്ഞില്ലേ, മേഷ്ട്ടേ? "സകാക്കളേ! നിങ്ങളാരും പേടിക്കല്ലി! ഈ ചോപ്പു കൊടിമ്മൽ കാണുന്ന ചുറ്റി മുതലാളിടെ തലക്ക് മേടാനുള്ളതാണ്! അതിൻറടുത്തുള്ള അരിവാൾ അപ്പന്റെ തല മൂരാനാണ്; ഈ കൊടിച്ചോപ്പ് അവന്റെ ചോരച്ചോപ്പാണ്; എണീക്കിൻ! ഉണരിൻ!" മേഷ്ട്ട് കേൾക്കുന്നോ, ഇമ്മാതിരി നാലുദിക്കിൽവെച്ചു ചിലച്ച് നാട്ടംകടന്നു പോയാൽ ഈ ചെയ്ത്താമ്മാക്ക് എന്താണ് മേഷ്ട്ടേ, ചേതം? ഈ ഉനിയാവിന്റെ ഒട്ടകത്തിന്ന് തീന്ന ഇബിലീസ്ങ്ങടം മരുന്നറയിൽചെന്ന് പന്തവും കൊളുത്തി കാണിക്കുന്ന കോപ്പിരാട്ടി തടയാൻ ഇന്നാട്ടിൽ തലക്ക് വെളിവുള്ള ഒരുത്തനില്ലാതായോ, മേഷ്ട്ടേ?

പിന്നെയും കേൾക്കുന്നോ, മേഷ്ട്ടേ, എവിടെയെങ്കിലും തൊഴില്ലിക്കടം പണിമുടക്കി ഇറങ്ങിപ്പോയാൽ പിന്നെ മുതലാളിയുമായി കായ്ം

പറഞ്ഞു തീരുന്നത് ഈ സകുക്കുംക്ക് കണ്ടുടത്തെ. മൊതലാളിയും തൊഴിലാളിയും തമ്മിലുള്ള വെറുപ്പ് ഉമിത്തീപോലെ കെടാതെയും ചൂടാറാതെയും പുകഞ്ഞുകൊണ്ടിരിക്കുമ്പോലും! എന്നാലേ ഒടുക്കം ഇതൊക്കെ അട്ടിമറിഞ്ഞ് കലക്കുന്നാസാക്കാൻ തഞ്ചമുള്ളുപോലും! റഷ്യയിൽ അങ്ങിനെയാണുപോലും മണ്ണ് ചുകന്നത്. ഇതിനെയൊക്കെ തെളിച്ചുകൊണ്ടുപോയി അകത്താക്കി വാതിലടക്കാൻ കുതിരവട്ടത്ത് മുറിയൊന്നും ബാക്കിയില്ലേ, മേഷ്ടേ? ഈ കൊടിപിടിയും പന്നിമുടക്കലുമൊക്കെ ചോറുകൊണ്ട് തങ്ങളെ വയറുനിറക്കാനല്ല, തങ്ങളുടേയും കുഞ്ഞുകുട്ടികളുടേയും ചോരകൊണ്ട് നാട്ടിലെ മണ്ണ് ചോപ്പിച്ച് ഇവിടെ റഷ്യയെപ്പോലെയാക്കാനാണെന്നുള്ള കള്ളി ഇവരുടെ പിന്നാലെ കൂടുന്ന പാവങ്ങളും ഇന്നറിഞ്ഞുപോയെങ്കിൽ നാളെ ഇക്കൂട്ടത്തിലൊരു കുട്ടി ഇവിടെ നിൽക്കുമോ, മേഷ്ടേ? എനിക്ക് ഇതിനെപ്പറ്റി ഇതയൊന്നുമല്ല, മേഷ്ടേ, എനിയും പെരുത്ത് പെരുത്ത് പറയാനുണ്ട്. അതു ഞാൻ വേറെയൊരിക്കൽ പറഞ്ഞോളാം. എന്നാപ്പിന്നെക്കാണാം!

കാരണം!!

'കോട്ടയം താലൂക്ക് റേഡിക്കൽ അദ്ധ്യാപക സമ്മേളനം' സംബന്ധിച്ച് തൽപ്രവർത്തകന്മാർ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽ ഇപ്രകാരം കാണുന്നു:—

"മാനേജർമാരാകുന്ന 'ഷയലോക്ക'കളുടെ വാഴ്ചയിൽ ഞങ്ങൾക്ക് നേരിട്ട് 12ക. കിട്ടിയാലും അതുവും കൊല്ലം കൂട്ടുമ്പോൾ 144ക. ഒന്നായി കിട്ടിയാലും ഞങ്ങൾ തൃപ്തിപ്പെട്ടുകൊള്ളുന്നതാണ്. കാരണം വരുംകൊല്ലം ഇന്നത്തെ തോതിൽനിന്ന് 2ക. കൂടി അധികരിച്ചുവെന്നു വിചാരിക്കുക. ആക്കൂടികരിച്ചു? മേനേജർമാക്കൂടികരിച്ചു."

ഈ കാര്യകാരണബന്ധം ഒരു 'റേഡിക്കൽ' യുക്തിശാസ്ത്രത്തെ ആസ്പദിച്ചുള്ളതായിരിക്കാമെന്ന് ഞങ്ങൾ സമാധാനിക്കുന്നു.

സാത്യകിക്കുത്തരം.

അല്ലാ, സാത്യകിമാവർകളേ, ഇതെന്തൊരു മറിയാണ്! ഇതെന്തൊരു മനസ്സിലാവായ്കയാണ്! എനിക്കിതു പെരുത്ത് തമാശയായിത്തോന്നുന്നല്ലോ! ഏപ്രിൽ ഒന്നാംതിയ്യതി കരഞ്ഞവരിൽ ഒരുവനാണ് ഞാനും; ആഗസ്ത് ഒന്നാംതിയ്യതി ചിരിച്ചവരിൽ ഒരുവനും ഞാൻതന്നെയാണ്. ആ കരച്ചിലിന്ന് കാരണമുണ്ടായിരുന്നെങ്കിൽ, ഈ ചിരിക്ക് അതിലധികം കാരണമുണ്ട്. ആ കരച്ചിൽ മനസ്സിലായവന്ന് ഈ ചിരി മനസ്സിലാവാതിരിക്കുവാൻ തീരേ കാരണമില്ല

ഏപ്രിൽ 1-ാംനു- ഇന്ത്യയുടെ തലയിൽ കയറിവെച്ച ഭരണകൂടത്തിന്റെ കനമോർത്തല്ല ഞാൻ കരഞ്ഞതു്; ആ കനത്തെ സംബന്ധിച്ചിടത്തോളം, 'പോടാ, പോ! പന്തീരായിരത്തിന്റെകൂടെ പതിമൂവായിരം! പിടി!' എന്നേ ഞാൻ വിചാരിച്ചുള്ളു; ഇപ്പോഴും അതുയേ വിചാരിക്കുന്നുള്ളു. പക്ഷെ, 'ഈ കനവും സഹിച്ച്, നാലാളെ കണ്ടാൽ ചിരിക്കുന്ന രീതിയിൽ നടക്കേണ്ടിവരുമല്ലോ, പടച്ചോനേ!' എന്നോർത്താണ് ഞാൻ കരഞ്ഞത്. ഗവർണർ നിൽക്കാൻ പറയുമ്പോൾ നിൽക്കുകയും, നടക്കാൻ പറയുമ്പോൾ നടക്കുകയും, ഇന്ന വഴിക്കു നടക്കണമെന്നു പറഞ്ഞാൽ ആ വഴിക്കു നടക്കുകയും ചെയ്യേണ്ടിവരുമെന്നോർത്തപ്പോളാണ്, ആ കൂടത്തിന്റെ കനം എനിക്ക് ഒസ്സഹമായിത്തോന്നിയത്; അതു കൊണ്ടാണ് ഞാൻ കരഞ്ഞത്.

ഇങ്ങിനെ, ഒരു കൈകൊണ്ട് എഴുതിയതിനെ മറേറകൈകൊണ്ട് മായ്ക്കുകയുവാനുള്ള ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരുടെ ശ്രമം കണ്ടറിഞ്ഞു, നമ്മളുടെ ഉണങ്ങിച്ചുരുണ്ട ഗാന്ധിയമ്മാൻ, മേപ്പടി രാജ്യതന്ത്രജ്ഞന്മാരെ പുലിവാൽ പിടിപ്പിച്ചതു കണ്ടപ്പോളാണ് എന്റെ കരച്ചിൽ മാറിയതു്; ആ പുലിവാലുംകൊണ്ട് ഇന്ത്യാ സ്റ്റേറ്റ സിക്രട്ടരി പാർലിമെൻറിൽ കിടന്നു മലക്കംമറിയുന്നതു കണ്ടപ്പോളാണ് ഒരു ചിരിയുടെ പ്രസവം എന്റെ തലച്ചോറിൽ ആസന്നമായത് ഒടുക്കം, ജനപ്രാതിനിധ്യമില്ലാത്ത ഇടക്കാലന്മാ


രേയുംകൊണ്ട് സംസ്ഥാനഗവർമ്മേണ്ടുകൾ തിരശ്ശീലയ്ക്കുള്ളിൽകിടന്നു തിരിയുന്ന അപഹാസ്യമായ കാഴ്ചകണ്ട്, ഗത്യന്തരമില്ലാതെ. പാർലിമെണ്ടിൽവെച്ച് സ്റ്റേറ്റ് സിക്രട്ടരിയും, ഡല്ലിയിൽവെച്ച് വൈസ്രോയിയും, ഭരണകൂടം ചുമന്നു നടക്കുന്നവരെ അനാവശ്യമായി ഗവർണർമാർ കടന്നു തടയുകയില്ലെന്ന് ഔദ്യോഗികപ്രഖ്യാപനങ്ങൾമൂലം അറിയിച്ചപ്പോളാണ് ഞാൻ പൊട്ടിച്ചിരിച്ചതു്: ആ ചിരി ഞാൻ അവസാനിപ്പിച്ചിട്ടില്ല; താങ്കൾക്ക് കാര്യം മനസ്സിലാകാത്തതുകൊണ്ടു മാത്രം, അത് അവസാനിപ്പിക്കുവാൻ തീർച്ചപ്പെടുത്തീട്ടുമില്ല.

ഇതാണ്, സാത്യകി അവർകളേ, ഈ മൂന്നാമന്നര മാസത്തിലിടക്ക് നമുക്കുണ്ടായ ജയം; സിദ്ധിച്ച കാര്യം. ഈ മന്ത്രിസ്ഥാനം, ഈ നിലയിൽ, ഏപ്രിൽ 1–ാംനു-. നമ്മുടെ കാൽക്കൽ കിടന്നിട്ടില്ല: ഇതിലും ഒരായിരം ഇരട്ടി അഭിമാനമായ നിലയിലാണ് അത് അന്ന് കിടന്നത്. അന്നതിനെ ചവിട്ടിനീക്കി; ഇന്നതിനെ കഴുകിക്കൊണ്ടുവന്നതിന്നുശേഷമാണ് സ്വീകരിച്ചതു്. ഇതാണ് ജയം; ഇത് ജയമാണ്; ഇതിന്നു ചിരിക്കുകതന്നെയാണ് വേണ്ടതു്. മോരു കിട്ടിയാലേ ഉണ്ണുകയുള്ളുവെന്ന് ആദ്യം നമ്മളം വാശിപിടിച്ചു; മോരു കിട്ടിയതിന്നു ശേഷമേ ഉണ്ടതുമുള്ളു; പക്ഷെ, തങ്ങളുടെ അഭിമാനം രക്ഷിക്കാൻവേണ്ടി, വിളമ്പിയവർ, "ഇതു മോരല്ല; മോരു തരുവാൻ നിവൃത്തിയില്ല" എന്നു പറഞ്ഞുകൊണ്ട്, മോരുതന്നെ വിളമ്പി! അതെന്റെ സാത്യകി കണ്ടില്ല; അവർ പറയുന്നതു മാത്രം കേട്ട് എന്റെ സാത്യകി ലജ്ജിച്ചതാണ്. അങ്ങിനെയായിരുന്നില്ലെങ്കിൽ, സാത്യകി വിചാരിക്കുന്നുണ്ടോ, നമ്മുടെ തടവുകാക്ക് ഇന്നെങ്കിലും മോരു കിട്ടുമെന്ന്?–നോഡ്ഡ്–മുനിസിപ്പാലാഫീസു കെട്ടിടങ്ങളിന്മേൽ എന്നെങ്കിലും സ്വരാജ്യക്കൊടി പറക്കുമെന്ന്?–മദ്യനിരോധം എവിടെയെങ്കിലും നടപ്പിൽ വരുമായിരുന്നു എന്ന്? സംഭവം നടക്കുമ്പോൾ കണ്ടു മനസ്സിലാക്കിയില്ലെങ്കിൽ, അനന്തരഫലങ്ങൾകൊണ്ട് അനുമാനിക്കുവാനെങ്കിലും സാധിക്കുകയില്ലേ, സാത്യകി അവർകളേ, മോരു തന്നെയാണ് കിട്ടിയതെന്ന്?

ജിന്നാ സായ്പിന്റെ സഹകരണവും, ഗാന്ധി സംന്യാസിയുടെ സഹകരണവും തമ്മിലുള്ള വ്യത്യാസം മനസ്സിലായോ, സാത്യകി അവർകളേ? ആ സഹകരണം ഗവർമ്മേണ്ടുപക്ഷപാതിതവും. സ്വാതന്ത്ര്യവിരോധവും, ഉദ്യോഗഭ്രമവും, അതിനെപ്പറ്റി വേറെ എന്തെല്ലാം ആക്ഷേപപ്രസ്താവമുണ്ടായോ അതൊക്കെയും തന്നെ ആയിരുന്നുവെന്നും; നേരെ മറിച്ച്, ഇത് ദേശീയതയും, ഉൽപതിഷ്ണുതവും, പൊതുജനസേവനവും, സമരാനന്തരസ്ഥിതിയും തന്നെയാണെന്നും ഇപ്പോൾ തിരിഞ്ഞുവരുന്നുണ്ടോ, സാത്യകി അവർകളേ? ഇങ്ങിനെ വരാം; അങ്ങിനെ വന്നിരിക്കുന്നു! ഇത് ഇളപ്പമല്ല, ഉറപ്പാണ്. ജിന്നാ സായ്പിനെത്തുടർന്ന്, 'പതിനെട്ടു കൊല്ലംമുമ്പ് ഇത് ഞാൻ പറഞ്ഞതാണ്" എന്ന് കെൽക്കർ കാരണവരും പറഞ്ഞു, 'ഞാനും പടച്ചവനാണ്" എന്ന് കംഭകാരൻ പറയുന്നതുപോലെ മാത്രമാണ്. കെൽകർ കാരണവർ കൈനീട്ടി വാങ്ങാൻ ഒരുങ്ങിയ പഴുന്നണിക്കെട്ടല്ല, രാജഗോപാലാചാരി വാങ്ങിയത്.

'നമ്മുടെ സഞ്ജയന് പൊടിക്കൈകളും വളരെ ചുരുങ്ങുമെങ്കിലും, അനുഭവശൂന്യമുള്ളത് വളരെക്കുറിയാണ് നമ്മുടെ സഞ്ജയൻ പ്രയോഗിക്കാറുള്ളതെന്ന് പറയുന്നത് ഒരധികപ്രസംഗമായിപ്പോവുമോ എന്നുമാത്രമേ നമ്മുടെ സഞ്ജയന്ന് സംശയമുള്ളു. "മന്ത്രിപദസ്വീകരണത്തെ സംബന്ധിച്ചിടത്തോളം മാത്രമെങ്കിലും പണ്ഡിത്തിനെക്കാളും ഗാന്ധിജിയെക്കാളും എന്റെ കണ്ണിന്നല്ലേ അധികം കാഴ്ച?" എന്ന് ജിന്നാ സായ്പും, കെൽക്കർ കാരണവരോ സഞ്ജയനോട് ചോദിക്കാൻ വരട്ടെ, സാത്യകി അവർകളേ! അതിന്റെ മറുപടി അപ്പോൾ പറഞ്ഞുകൊടുക്കാം. അവക്കു വേണ്ടി ആ ചോദ്യം സഞ്ജയനോടു ചോദിക്കാൻ മുതിർന്ന താങ്കളോട് പറഞ്ഞിനെക്കാൾ കുറച്ചുകൂടി കടുകിയുള്ള ഒരു സമാധാനം അവക്ക് സമ്മാനിക്കുവാൻ സഞ്ജയന്ന് സാധിക്കുകയില്ലെന്നാണ് അങ്ങുന്ന് വിചാരിക്കുന്നതെങ്കിൽ, അതൊന്നു പരിശോധിച്ചുനോക്കൂ! അവരേയും കൂട്ടിയിങ്ങുവരൂ! ബാക്കി അപ്പോൾ പറയാം. ഇന്ന് ഇതുപോരെ?

സഞ്ജയൻ.



കവിവാക്യചിത്രാവലി. ൧.

[അലങ്കാരങ്ങളെപ്പറ്റി വിവരം കുറഞ്ഞ ഞങ്ങളുടെ ചിത്രകാരന്റെ കണ്ണിൽ.]

"നിലവിട്ട കവിക്രിയാശയാലെൻ
തലയൊട്ടുക പൂകഞ്ഞുകൊണ്ടിരുന്നു;
ഫലമെന്തു?—തിന്നുള്ളിൽവെച്ച വാഴ—
ക്കുലയായഹന്ത! പഴത്തതില്ലതെല്ലും!"

—മഹാകവി വള്ളത്തോൾ: 'കാറിൽപ്പറന്ന കവിത.'

ഉത്തരം!

[ഗൃഹസ്ഥന്മാക്ക് മാതൃക.]

1. ഈ അന്യായം കൊണ്ടുവന്ന നിലയിൽ സ്വീകരിക്കത്തക്കതല്ല.

2. ഈ അന്യായത്തിന്ന് ഉത്തമവിശ്വാസ്യതയോ, സത്യസാധുതയോ, കൃത്യബോധമോ ഗ്രണദോഷവിവേചനമോ, വാചകശുദ്ധിയോ, അക്ഷരവടിവോ ഇല്ല.

3. ഈ അന്യായത്തിന്ന് കാലഹരണതടസ്ഥവും, ഗ്രളികുഷ്ടിയും, ഏഴരശ്ശനിയും, ശകുനപ്പിഴയും, ചൊവ്വാദോഷവും, ചാരവശാൽ വേറെ പിഴകളുണ്ട്.

4. ഈ അന്യായത്തിന്ന് എസ്റ്റോപ്പൽ, റീസ് ജൂഡിക്കേറ്റാ എന്ന തടസ്ഥങ്ങളും, മുട്ടിന്ന് ബലഹീനതയും, ദേഹനക്കേടും, നട്ടുവേദനയുമുണ്ട്.

5. ഈ അന്യായം അശ്രീകരവും, അസുഭഗവും, കൃത്രിമവും, അപായകരവുമായതിനാലും, ഇതിന്ന് അസ്തിഭാരമോ, നെടുപ്പല്ലോ, തലക്കെട്ടോ, മര്യാദയോടുകൂടിയ ഒരന്യായത്തിന്ന് വേണ്ടുന്ന മറ്റ് എപ്പേപ്പെട്ട എണ്ണങ്ങളോ ഇല്ലാത്തതിനാലും ഈ കോടതിക്ക് ഇത് വിചാരണചെയ്യത്തക്കതല്ലാത്തതാകുന്നു.

6. അന്യായം 5-ാം വകുപ്പിന്റെ ചോടെയായും, 7-ാം വകുപ്പിന്റെ മീതെയായും ചേർത്തുകാണുന്ന 6-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന സകല സംഗതികളും സത്യത്തിന്നെതിരും, ന്യായത്തിന്നു വിരോധവും, നിയമത്തിന്ന് അസഹ്യവുമാകയാൽ വിശ്വാസയോഗ്യമല്ലാത്തതാകുന്നു.

7. അന്യായക്കാരൻ വീടി, പൊടി, ചൂരുട്ട്, കഞ്ചാവ്, അഫീൻ മുതലായ ലഹരിപദാർത്ഥങ്ങളും പതിവായി പെരുമാറുന്നവനും, സദാ മദ്യപാനിയും, സ്വന്തം കുടുംബങ്ങൾക്ക് ചെലവിന്ന് കൊടുക്കാതെ ഭാര്യവീട്ടിൽ താമസവും, എന്തും ചെയ്വാൻ മടിയില്ലാത്തവനും; പ്രതി സൽസ്വഭാവിയും, മാനമര്യാദകൊണ്ടുമാത്രം കാലം കഴിച്ചുവരുന്നവനും, ഈശ്വരവിശ്വാസിയും, സ്വസ്ഥം പ്രവൃത്തിക്കാരനും, നികൃതിജമയില്ലാത്തതുകൊണ്ടുമാത്രം അതു കൊടുക്കാതിരിക്കുന്നവനും; ഈ അന്യായം പ്രതിയുടെ പരമവിരോധികളായ ചിലരുടെ ഉഷ്പ്രേരണകൊണ്ട് അന്യായക്കാരൻ കളവായും ഉത്തമവിശ്വാസമില്ലാതെയും പ്രതിയെ അനാവശ്യമായി നഷ്ടപ്പെടുത്തുണമെന്നുള്ള ദുരുദ്ദേശ്യത്തോടുകൂടിയും, ചതികരുതി വഞ്ചനയായി അവാസ്തവസംഗതികളും കൂട്ടിച്ചേർത്തും ബോധിപ്പിച്ചതും; യാതൊരു വിധത്തിലും, യാതൊരു നിവൃത്തിക്കും അന്യായക്കാരന്ന് അവകാശമോ, അധികാരമോ, ബാദ്ധ്യതയോ, അർഹതയോ, യോഗ്യതയോ ഇല്ലാത്തതുമാകുന്നു.

8. അന്യായത്തിൽ പറയുന്ന പ്രോനോട്ട് ഈ പ്രതി എഴുതിക്കൊടുത്തിട്ടില്ല. അതു വളരെ ദുസ്സാമർത്ഥ്യത്തോടുകൂടിയ ഒരു കൃസൃഷ്ടിയാണ്. അന്യായക്കാരന്റെ ഉദ്യുക്തികൊണ്ടോ, വക്കീലന്മാരുടെ സാമർത്ഥ്യംകൊണ്ടോ, പ്രതിയുടെ കാലദോഷംകൊണ്ടോ, അഥവാ പ്രോനോട്ട് ഈ പ്രതി എഴുതിക്കൊടുത്തതാണെന്ന് കോടതി അഭിപ്രായപ്പെടുവാൻ ഇടവരുന്നതായാൽ, പ്രോനോട്ടിന്ന് യാതൊരു പ്രതിഫലവുമില്ലെന്ന് ഈ പ്രതി ഘനമായി വാദിക്കുന്നു. പ്രതിയുടെ സത്യമായ മേൽവാദം കോടതി സ്വീകരിക്കുന്നതല്ലെന്ന് വരുന്നപക്ഷം, അന്യായപ്പെട്ട സംഖ്യക്കോ, കോടതിച്ചെലവിന്നോ പ്രതിയുടെ ദേഹത്തിന്മേലോ, വസ്തുവഹകളിന്മേലോ വിധിക്കുവാൻ യാതൊരു യുക്തിയും നീതിയും കാരണവും അന്യായക്കാരജികൊണ്ടു കാണുന്നില്ല. അഥവാ അങ്ങിനെ വിധിക്കേണ്ടതാണെന്ന് കോടതി അഭിപ്രായപ്പെടുന്നു എങ്കിൽ, നാടൊട്ടുക്കുള്ള ക്ഷാമത്തെ ആലോചിച്ചും, പ്രതിയുടെ ശോചനീയമായ സാമ്പത്തികസ്ഥിതിയെ ദയചെയ്ത് മുൻനിർത്തിയും, വിധിമുതൽ കൊടുത്തുതീർക്കേണ്ടതിന്ന് സമയം കിട്ടിയാൽ അതിലിടക്ക് ബലത്തിൽ വരുവാനിടയുള്ള കടമോചനനിയമത്തിന്റെ ഗ്രണം പ്രതിക്ക് കിട്ടുവാൻ ഇടയുള്ളതുകൊണ്ടും, വിധിക്കുവാൻ കോടതി വിചാരിക്കുന്ന സംഖ്യ കൊപ്രത്തിൽ 4ണ. വീതംകണ്ടുകൊടുത്താൽ മതിയെന്നും, വല്ല ഗഡുവും കൊടുക്കാൻ വീഴ്ചവരുത്തിയാൽ വിധി നിലവിലില്ലെന്ന് വിചാരിക്കേണ്ട

താണെന്നും മറവും കോടതിയുടെ യുക്തപ്രകാരം പ്രതിക്ക് ഗുണമായ എല്ലാ സംഗതികളും ചേർത്തുകൊണ്ടുള്ള ഒരു വിധി ഉണ്ടാകേണ്ടതാണ്.

9. മേൽപ്രകാരമല്ലാതെ അന്യായപ്രകാരം വിധിക്കുന്നതായാൽ വിധിസംഖ്യ ഈ പ്രതികൊടുക്കേണ്ടിവരുന്നതും, അതിനാൽ പ്രതിക്ക് ഘനമായ നഷ്ടവും, അതിയായ മനോവേദനയും, കഠിനമായ മാനഹാനിയും, അനേകതരത്തിലുള്ള ആത്മികവും, ഭൌതികവും, മാനസികവും, കായികവുമായ പാപം, ശാപം, ആധി, വ്യാധി മുതലായവയും മറവ പല പ്രകാരത്തിലുള്ള ബുദ്ധിമുട്ടുകളും നേരിടുന്നതാണ്.

9. മേൽസംഗതികളാലും, ഈ വായ്പൊഴിയിൽ ചേർക്കാൻ വിട്ടുപോയ മറവ കാരണങ്ങളാലും, രേഖാമൂലവും മറവമായ തെളിവുകളാൽ മേലിൽ സ്ഥാപിക്കുവാൻ പോകുന്ന ന്യായങ്ങളാലും, വേറെ പല ഹേതുക്കളാലും ഈ അന്യായം ചെലവുസഹിതം നീക്കി ഒരു വിധി ഉണ്ടാകുവാൻ വണക്കമായപേക്ഷിക്കുന്നു.

കണ്ണേട്ടൻ.

പുരുഷന്മാരോട് രണ്ടു വാക്ക്.

സാധുക്കളും, ലോകാരംഭം മുതൽ കവികളാലും ചിത്രകാരന്മാരാലും മറവം പുറംതള്ളപ്പെട്ട കിടക്കുന്നവരുമായ പുരുഷന്മാരുടെ നേരെ പരസ്യക്കാരായ ചില മുതലാളിമാർ ഈയിടെയായി കാണിച്ചു തുടങ്ങിയിരിക്കുന്ന ഒരനീതിയെ 'സഞ്ജയൻ'മുഖേന പൊതുജനസമക്ഷം അവതരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഏതു പത്രമോ, വാരികയോ, മാസികയോ, കൊല്ലികയോ നിവർത്തുകയോ, മലർത്തുകയോ ചെയ്താൽ കാണാം എത്രയെങ്കിലും പരസ്യങ്ങൾ; ആ പരസ്യങ്ങളിൽ മുക്കാലും ചിത്രത്തോടുകൂടിയ പരസ്യങ്ങൾ; ആ ചിത്രങ്ങളിൽ മുക്കാലും പെണ്ണുങ്ങളുടെ ചിത്രങ്ങൾ! ഗർഭാശയം ശുദ്ധീകരിക്കുവാനുള്ള മരുന്നോടുകൂടി ചിരകു വിരുത്തിയിറങ്ങുന്ന കാമിനി അങ്ങിനെ ചെയ്യുന്നതിൽ എനിക്ക് വിരോധമില്ല. "നരേണ സംയോഗമുപൈതി കാമിനി" എന്നാണല്ലോ വരാഹമിഹിരന്റെ മതം: ആയ്ക്കോള്ളട്ടെ! 'കേശസംലോഞ്ജിനി' കൈയിലെടുത്തുകൊണ്ട്, 'മുല്ലായുധത്താകണക്കു തഴച്ച കുന്തലെല്ലാമഴിച്ചു" എന്റെ നേരെ കള്ളക്കണ്ണയച്ചുകൊണ്ടു നിൽക്കുന്ന ഘനവേണിക്കും ഞാൻ മാപ്പു കൊടുക്കാം; പുരുഷന്മാർ തലമുടിയുടെ നേരെ പഴയ ഗവർമേണ്ട് കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ നേരെ അനുവർത്തിച്ച നയമാണല്ലോ സ്വീകരിച്ചിരിക്കുന്നത്! പക്ഷെ 'ദന്തച്ചൂർണ്ണ'ത്തിന്റെ മേന്മ കാട്ടുവാൻ പരസ്യക്കാർ കുന്ദരദനകളെക്കൊണ്ടു തന്നെ പുഞ്ചിരി തൂകിക്കുന്നതിന്റെ കാരണമെന്താണ്? പുരുഷന്മാക്ക് പല്ലില്ലേ? ദന്തച്ചൂർണ്ണം അതിനെ വെളുപ്പിക്കുകയില്ലേ? ഭക്ഷണാനന്തരം ഒരു കോപ്പ 'സൌർലിക്സ് മിൽക്ക്' കഴിച്ചാൽ വന്നുചേരുന്ന സദ്യോനിദ്രയുടെ സൌഖ്യം കാണിക്കുവാൻ വേണ്ടി കുട്ടിമാൻമിഴികളെ മാത്രം കണ്ണടച്ചു കിടത്തിക്കാണിക്കുന്നതിന്റെ അർത്ഥമെന്താണ്? ഉറക്കമില്ലായ്മ സ്ത്രീകളെ മാത്രമേ ബാധിക്കുകയുള്ളു എന്നോ, പുരുഷന്മാക്ക് സുഖനിദ്ര ആവശ്യമില്ലെന്നോ? ഇതൊക്കെ പക്ഷെ സഹിക്കാം: സുപ്രസിദ്ധമായ 'പേനക്കത്തി'മാക്ക് സിഗരറിന്റെ ഗുണം പ്രഖ്യാപനം ചെയ്തുകൊണ്ടു നിൽക്കുന്ന താമ്രാധരികളെപ്പറ്റി നിങ്ങളെന്തു വിചാരിക്കുന്നു? അമേരിക്കാരാജ്യത്തിൽപ്പോലും, പുകവലിയെ സംബന്ധിച്ചിടത്തോളം, സ്ത്രീകളെക്കാൾ മുന്നണിയിൽ നിൽക്കുന്നത് പുരുഷന്മാരാണെന്ന് സർവസമ്മതമായിരിക്കേ, ഇതെന്തനീതിയാണ്?

പുരുഷന്മാരേ, ഈ കുതിരകയറലിനെതിരായി നമ്മൾ ഉടനടി സംഘടിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. തീച്ചയായും ഇതനുവദിച്ചുകൂടാ. പരസ്യചിത്രങ്ങളിൽ സ്ത്രീകളോടൊപ്പം നമ്മൾക്കും തുല്യാവകാശമുണ്ടായിരിക്കേണ്ടതാണെന്ന് നമ്മൾ വാദിക്കണം. 'ഇൻകംപാരബ്ൾ സിന്താബാദ്'!

ഒരു പുരുഷൻ.

മണ്ണൻ വാഴ.

പാലില്ല, നെയ്യി,ല്ലൊരു തൈലലേപം
മേലെന്നുവേ,ണ്ടൊട്ട തലയുമില്ല;
കാലത്തു നേരത്തമേത്തുമില്ലെ,—
ന്നാലും ഭവാൻ 'മണ്ണൻ'! തടിച്ചിടുന്നു!

കൂപ്പുകൈത്താകിലു, മൊത്തിണങ്ങി—
ത്തൊപ്പിള്ളരും താങ്കളുമെൻസുഹൃത്തേ!
നല്ലാളുമാനന്ദമൊടത്ര നില്പ്പും
നില്പാക്കുസൗഖ്യാവഹമാകയില്ല?

ഉച്ചക്കു മൂന്നോട്ടവുമെച്ചിലിന്നാ—
യുച്ചം കുരച്ചാഹവമാടിടുമ്പോഴും
മെച്ചംപെടും നിൻപദമാശ്രയിച്ചി—
ങ്ങുംചുട്ട മാറുന്നതു കുക്കുരങ്ങും.

നാരീജനത്തിൻറെ നലുംപെടുന്നൊ—
രുക്കളേക്കാളു—മതെത്ര ഭാഗ്യം!—
ചാരുതശൈത്യാദി ഗുണങ്ങളും നിന്നി—
ലാരുണ്ടു കാണാതെതാരു കാവ്യകാരൻ?

വയ്യൊന്നിനും കാഴ്ചയി,ലെങ്കിലും നീ
പൊയ്യല്ല യോദ്ധാക്കളിലഗ്രഗണ്യൻ:
കയ്യെട്ടുപത്തു,ണ്ടതിലൊന്നു പോരു—
മയ്യയ്യ! തീക്കാൻ ചതുരംഗസൈന്യം!

ഉമ്മന്നുവാടിക്കു,മുളക്കു നീക്കും
മമ്മജ്ജനം ദേഹമരിഞ്ഞുതട്ടുവാൻ
നിശ്ശായമായ് സന്തതമേകിടും നീ
സമാന്യനാകുന്ന ശിവിക്കുപോലും!

ചേണാർന്ന നിൻ സൽഫലജാലമെല്ലാം
നാണംവിനാ തിന്നുവിടും മനുഷ്യൻ
കാണുന്നതാഹന്ത! പുറംതൊലിക്കോ—
പ്പുണീ നിനക്കുള്ള മഹത്വമെന്നാം!

മെത്തുന്ന വിശ്വമലസൽപ്പുകുമുതൊപ്പി,
നൽത്താർതൊഴും രദനരാജി, പലാശഹാസം,
മത്താണ്ട കുംഭിവരഡംബരധാടി,യെല്ലാ—
മൊത്താരു നീയുപവനത്തിനു ചക്രവർത്തി!


മൂസ്സത്.

കരടകൻ.

നിങ്ങളം കരടകനെ അറിയുമോ? അറിയുകയില്ലെങ്കിൽ, ഏകദേശം പത്തു പത്തരമണിക്ക് ഏതെങ്കിലും പബ്ലിക്ക് ആഫീസിൻറെ—ഗവർമ്മേണ്ടാഫീസോ, ബോർഡാഫീസോ, മുനിസിപ്പാലാഫീസോ ഏതായാലും ശരി—ഗെയിററിന്നരികെ എൻറെകൂടെ നിന്നാൽ അവനെ ഞാൻ കാണിച്ചുതരാം. അവൻറെ നിലത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടുള്ള നടത്തവും, ആരെയെങ്കിലും കാണുമ്പോൾ തല ചരിച്ചുകൊണ്ടുള്ള പച്ചച്ചിരിയും, മറവ്, വിവരിക്കുവാനാവാത്ത, ഒരുതരം ലക്ഷണങ്ങളുംകൊണ്ട് അവനെ എളുപ്പത്തിൽ തിരിച്ചറിയാം.

തൻറെ കൂടെ പ്രവൃത്തിയെടുക്കുന്നവരെപ്പററി മേലധികാരിയോട്, വെള്ളം കൂട്ടിയതും,കൂട്ടാത്തതുമായ നുണയും, ഏഷണിയും രാപ്പകൽ പെന്നു മന്ത്രിച്ചും, അദ്ദേഹത്തെ സ്വഭാവവും തഞ്ചവും നോക്കിയുള്ള മുഖസ്തുതികൊണ്ടു പ്രസാദിപ്പിച്ചും, അദ്ദേഹത്തെയും, ഭാര്യയെയും, അവരുടെ മറെറ ബന്ധുക്കളെയും ഭൃത്യപ്രവൃത്തികൊണ്ട്, സാധിക്കുന്നിടത്തൊക്കെ, പ്രസാദിപ്പിച്ചുമാണ് അവൻ മേലധികാരികളുടെ കണ്ണിലുണ്ണിയായിത്തീരുന്നത്. അവനുമായി, ആലോചിക്കാതെ, അടുത്തു പെരുമാറുകയും, അവനോട് ഉള്ളതുറന്ന് വല്ല സംഗതിയെക്കുറിച്ചും സംസാരിക്കുകയും ചെയ്യുന്ന പാവം ഒരു 'ബ്ലാക്കുമാക്കു'കൊണ്ട് ഒട്ടക്കം രക്ഷപ്പെട്ടാൽ ഭാഗ്യമായിരിക്കും.

മിക്കപ്പോഴും അവൻ കൈക്കുലിക്കാരനായിരിക്കും; നിയമേന, അവൻ പ്രവൃത്തിക്കുകൊള്ളുന്നവനുമായിരിക്കും. പ്രാപ്പ! അധികമാകുന്തോറുമാണ് ഈ ജീവി ഏറവും അപായകാരിയായിത്തീരുന്നത്. വളരെ മര്യാദക്കാരും, ന്യായസ്ഥന്മാരുമായ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് എന്തനീതിയും ചെയ്യിക്കുവാനുള്ള മനസ്സാക്ഷിയില്ലായ്മയും, ശക്തയും അവനുണ്ടായിരിക്കും. അവനെ സൂക്ഷിയ്ക്കുണം: ഡി. ബോ. പ്രസിഡെണ്ടുമാരും, മുനിസിപ്പൽ ചെയർമാന്മാരും, കമ്മീഷണർമാരും, ജില്ലാ കലക്ടർമാരും, സബ്ഡിവിഷനൽ ആഫീസർമാരും, താസിൽദാരന്മാരും തങ്ങളുടെ തങ്ങളുടെ ആപ്പീസുകളിലെ കരടകന്മാരെ കണ്ടറിഞ്ഞത്, അവരുടെ തലമണ്ട നോക്കി പത്തു കുതിരശ്ശക്തിയുള്ള ഓരോ കിഴക്ക് പാസ്സാക്കുന്ന കാലത്തു മാത്രമേ നമ്മുടെ ഭരണയന്ത്രങ്ങളം ന്യായ്യമായി പ്രവർത്തിയ്ക്കുകയുള്ളു: അല്ലെങ്കിൽ, കോൺഗ്രസ്സ് ഗവർമ്മേണ്ടല്ല, പരബ്രഹ്മഗവർമ്മേണ്ടു തന്നെ വന്നാലും, നാട്ടു നന്നാവുകയുമില്ല;—അത്രമാത്രം.



ജീൻ വാൽജീൻ.


'പാവങ്ങളി'ലെ കഥാനായകനായ 'ഴാങ്ങ് വാൽഴാങ്ങും' 'ജീൻ വാൽജീനും' ഒരേ ഒരാൾ തന്നെയാണെന്നു പറഞ്ഞാൽ, ഇംഗ്ലീഷ് ഭാഷയിലെ ഉച്ചാരണത്തിന്റെ നട്ടപ്പാന്ത് ഹേതുവായി, ഫ്രഞ്ച് വാക്കുകളുടെ ഉച്ചാരണത്തിനുണ്ടെന്നു് തോന്നപ്പെട്ടേക്കാവുന്ന 'ഗോഷ്ടി'യുടെ രഹസ്യം മനസ്സിലാക്കാത്ത വായനക്കാർ അമ്പരന്നു് നിന്നുപോകും. കഥാപാത്രങ്ങളുടെ പേരിൽ മാത്രമല്ല 'ജീൻ വാൽജീൻ' [ഗ്രന്ഥകർത്താവ്: വിഭാവൻ, കെ. പ്രകാശം; എ. ആർ. പി. പ്രസ്സ്, കുന്നംകുളം; വശങ്ങളം 200; വില ക. 1] 'പാവങ്ങളി'ൽനിന്നു് വ്യത്യസ്തമായി നിൽക്കുന്നതു്: കൈരളിക്ക് അപരിചിതങ്ങളെന്നു പറഞ്ഞാൽ പോര, അനുഹൃദ്യങ്ങളുമായ ശൈലീവിശേഷങ്ങളംകൊണ്ടും, ഗൗണപ്രയോഗങ്ങളംകൊണ്ടും വായനക്കാരനെ നാഴികക്കു നാല്പതുവട്ടം കടിഞ്ഞാണിട്ടു നിർത്താത്ത ലളിതവും സുഗ്രഹവുമായ ഒരു ഭാഷയിൽ, വിശ്വസാഹിത്യകാരന്മാരുടെ മുന്നണിയിൽ നിൽക്കുന്ന വിക്തോർ യൂഗോവിന്റെ സുപ്രസിദ്ധമായ 'ലേ മിസെറാബിളി'ലെ ഹൃദയാവർജകമായ കഥ മലയാളികൾക്കു തുറന്നുപറഞ്ഞുകൊടുക്കേണമെന്നാണ് വിഭാവൻ കെ. പ്രകാശത്തിന്റെ ഉദ്ദേശ്യം. ആ ഉദ്ദേശ്യം അദ്ദേഹം ഏറ്റവും പ്രശംസാർഹമായ രീതിയിൽ നിർവഹിച്ചിട്ടുണ്ട്. ഒന്നാംപതിപ്പ് വിറ്റുതീരുന്നതിനു മുമ്പുതന്നെ തങ്ങളുടെ കോപ്പികളം കരസ്ഥമാക്കുവാൻ ഞങ്ങളം വായനക്കാരോടു് ബലമായി ശിപാർശചെയ്തുകൊള്ളുന്നു.

സരോജിനി നായഡു.

'ലോകോപകാരികളം'എന്ന ഒരു ചെറിയ ജീവിതചരിത്രസമാഹാരത്തെക്കുറിച്ച് ഇതിനിടെ ഈ പങ്ക്തികളിൽ ഞങ്ങളം പ്രസ്താവിക്കയുണ്ടായല്ലോ ആ പുസ്തകത്തിന്റെ കർത്താവായ ശ്രീ: എസ്. കെ. ബാലകൃഷ്ണൻ, അതേ തോതു് പിടിച്ചുകൊണ്ടു് എഴുതീട്ടുള്ള മറെറാരു ജീവിതചരിത്രമാണ് 'സരോജിനിനായഡു'. [പ്രസാധകൻ: കോലാരത്ത് രാഘവൻ, തലശ്ശേരി; വശങ്ങളം 38; വില 5ണ] അഭിവന്ദ്യകളായ ഇന്നത്തെ ഭാരതീയ മഹിളകളിൽ സർവ്വഥാ അഗ്രസ്ഥാനത്തെ അർഹിക്കുന്ന ശ്രീ: സരോജിനിദേവിയുടെ നാളിതുവരെയുള്ള ജീവിതസംഭവങ്ങളെ ഗ്രന്ഥകാരൻ സാമാന്യം സാമർത്ഥ്യത്തോടെ ഇതിൽ ക്രോഡീകരിച്ചിരിക്കുന്നു. ഇംഗ്ലീഷ് വാചകങ്ങളെ, അവയുടെ ശക്തിയും ശൈലീവിശേഷങ്ങളും അവഗണിച്ചുകൊണ്ട്, തർജ്ജമചെയ്തയാലോ, ഗ്രന്ഥകർത്താവ് ആങ്ഗലഭാഷയുമായി അധികം ഇടപഴകിയതിനാലോ എന്നറിഞ്ഞില്ല, ഇതിലെ ചില വാചകങ്ങൾക്ക് പ്രസാദക്കുറവും, ചിലപ്പോൾ അർത്ഥവൈരൂപ്യം തന്നെയും പററിപ്പോയിട്ടുണ്ട്. 'ഭ്രജാതം ചെയ്തത്', 'പാത്രീഭൂതയായി ഭവിച്ചു' എന്നിവപോലെയുള്ളസ്ഖാലിത്യങ്ങളും അവിടവിടെ ഇല്ലെന്നില്ല. ജീവിതചരിത്രങ്ങളെ സംബന്ധിച്ചിടത്തോളം കൈരളി ഇന്നും ദരിദ്രയാകയാലും, ശ്രീ: ബാലകൃഷ്ണൻ ഒരു യുവസാഹിത്യകാരൻ മാത്രമാകയാലും, പ്രകൃതപുസ്തകം നമുക്ക് കൌതുകപ്രദംതന്നെ.

സഞ്ജയപദപ്രശ്നം.

നമ്പർ 1.



വലത്തോട്ട്.

1. ഭയ
3. ഇവന്ന് നരകമാണത്രെ ഫലം.
6. താമര.
8. ഒരു പക്ഷി.
9. കുട.
10. നന്നായാൽ നാട്ടു നന്നായി.
11. പർവതം.
13. ആന.
15. ഇത് എല്ലായ്പോഴും വർജിക്കണം.
16. പോക്ക്.

കീഴ്പ്പോട്ട്.

2. ഇതു വീട്ടാൻ ശ്രമിക്കരുത്.
3. ഞങ്ങളുടെ മുഖചിത്രത്തിൽ ഇത് അപകടത്തിലാണ്.
5. ഇതിനെ ഹിംസിക്കുന്നത് ഹിന്ദുക്കൾക്കു പാപമായിക്കരുതുന്നു.
7. ഇതു മാത്രം നോക്കി വിവാഹം ചെയ്യരുത്
10. ഇതു കെട്ട് ജീവിക്കുന്നതിനെക്കാൾ മരിക്കുന്നതാണ് നല്ലത്.
12. ശത്രു.
13. മനുഷ്യൻ.
14. ഇന്ത്യയിലെ പ്രധാനനദി.

സഞ്ജയപദപ്രശ്നനിയമങ്ങൾ.

പദപ്രശ്നത്തിന്റെ ഉത്തരം പ്രത്യേകം കടലാസ്സിൽ കള്ളിവരഞ്ഞ് മേത്ത് മറവശത്ത് അടിയിൽ കാണുന്ന കൂപ്പൺ വെട്ടിയെടുത്ത് അതിന്റെ കൂടെ അയക്കേണ്ടതാണ്. കവറിൽ ഒരണയുടെ തപാൽ സ്റ്റാമ്പ് അടക്കം ചെയ്തിരിക്കണം. സ്റ്റാമ്പ് എവിടെയും ഒട്ടിക്കരുത്. ഒരു കൂപ്പണോടൊപ്പം മൂന്ന് ഉത്തരങ്ങളയക്കാം; പക്ഷെ ഓരോ ഉത്തരത്തിന്ന് ഓരോ അണയുടെ സ്റ്റാമ്പുവീതം വേണം. പ്രശ്നത്തിന്റെ ശരിയായ ഉത്തരം സീൽവെച്ച് സഞ്ജയൻ ആപ്പീസിൽ സൂക്ഷിച്ചിട്ടുണ്ട്. 1937 നവമ്പർ 5-ാംനു-ക്കുമുമ്പ് ആപ്പീസിൽ കിട്ടത്തക്കവിധത്തിൽ ഉത്തരങ്ങളയക്കേണ്ടതാണ്. നവമ്പർ 5-ാംനു- കവറുകൾ തുറക്കും. ആദ്യമായി കിട്ടുന്ന മുഴുവൻ ശരിയായ ഉത്തരമോ, അതില്ലെങ്കിൽ, ഏറ്റവും കൂടുതൽ പിഴവുതീർത്തിയ ഉത്തരമോ, അയച്ച ആൾക്ക് ഒന്നാന്തരം ഒരു അലാറം ടൈംപീസ്സ് സമ്മാനമായി അയക്കും. കൂടാതെ, മുഴുവൻ ശരിയായ ഉത്തരങ്ങൾ അയക്കുന്നവർ എത്ര പേരുണ്ടായാലും അവർക്കൊക്കെയും, ഒരു കൊല്ലത്തേക്ക് 'സഞ്ജയൻ' സൌജന്യമായി അയച്ചുകൊടുക്കുകയും ചെയ്യും. പത്രാധിപരുടെ പ്രശ്നസംബന്ധമായ തീർപ്പിനെപ്പറ്റി ആക്ഷേപത്തിന്നധികാരം കൊടുക്കുന്നതല്ലെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

ഉത്തരങ്ങൾ അയക്കേണ്ട മേൽവിലാസം:

പദപ്രശ്നവകുപ്പ്,

'സഞ്ജയൻ' ആഫീസ്,

P. O. പുതിയറ

S. Malabar.

നല്ല സന്തതികളുണ്ടാവാൻ–

"സഞ്ജയൻ."

വരിസംഖ്യ. ഒരു കൊല്ലത്തേക്ക്. ആറു മാസത്തേക്ക്.

ഇന്ത്യയിൽ:— **3**-ക. **1**-ക **8**-ണ.

ഇന്ത്യക്കുപുറമെ:-**4**-ക. **8**-ണ. **2**-ക **4**ണ.

വരിസംഖ്യ എപ്പോഴും മുൻകൂറായി അടക്കേണ്ടതാണ്. **6** മാസത്തിൽ കുറഞ്ഞ കാലത്തേക്ക് വരിക്കാരെ റജിസ്റ്റർ ചെയ്യുന്നതല്ല. ഏജൻസി സംബന്ധമായ വിവരങ്ങൾക്ക് താഴെ ചേർക്കുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ,
"സഞ്ജയൻ"
പുതിയറ (P. O.)
Malabar.

NOTICE.

Copyright of the contents of this issue, both literary and pictorial, is reserved by the general editor who is also the proprietor of "Sanjayan". He will gladly consider, however, requests from contributors for permission to reprint.

Regd. No. M. 3497.

നാലേ, നാല്!

പുത്തേഴത്ത് രാമൻമേനോനവർകളോടന്വേഷിച്ചാൽ, നാലിന്റെ നാനാഗുണങ്ങളും നാലുമിക്കിലും അറിയപ്പെട്ടന്നവയാണെന്നുള്ളതേ ഹം പറയും. മിക്കുകൾ നാല്, വേദങ്ങൾ നാല്, വർണ്ണങ്ങൾ നാല്, ആശ്രമങ്ങൾ നാല്, പുരുഷാർത്ഥങ്ങൾ നാല്, ഉപായങ്ങൾ നാല്, അന്നങ്ങൾ നാലുവിധം, ബ്രഹ്മാവിന് തല നാല്, ഐരാവതത്തിനു കൊമ്പു നാല്, ഗജാദി മൃഗങ്ങൾക്കും കട്ടിലാദി വീട്ടുസാമാനങ്ങൾക്കും കാലു നാല്. ഉത്തമമായ അച്ചുക്കൂടത്തിന്റെ ഗുണങ്ങളും നാലുതന്നെ. അവ ഏതെന്ന് നിങ്ങൾ ഇനിയും അറിഞ്ഞിട്ടില്ലെങ്കിൽ, കേൾക്കിൻ!

1. പറഞ്ഞ സമയത്തു് പണിചെയ്തു തീർക്കുക.
2. അച്ചുടയിൽ തെറ്റു പറ്റാതിരിക്കുക.
3. തെറ്റിപ്പോയതെങ്കിൽ തിരിച്ചുകൊടുക്കുവാൻ കൂടിയുക.
4. ചുരുങ്ങിയ നിരക്കു മാത്രം വസൂലാക്കുക.

ഈ നാലു ഗുണങ്ങളും അനുഭവത്തിൽനിന്ന് അറിയുവാനാഗ്രഹിക്കുന്നവർ തങ്ങളുടെ അച്ചടിവേലകൾ നോർമ്മൻപ്രസ്സിനെത്തന്നെയാണ് ഏല്പിക്കേണ്ടതു്.

ഒരിക്കൽ പരീക്ഷിച്ചുനോക്കുവിൻ!

നോർമൻ പ്രിൻടിങ്ങ് ബ്യൂറോ,

കോർട്ട് റോഡ്, കോഴിക്കോട്.

☞ തപാൽ വഴിയായി ഓർഡറുകൾ അയക്കുന്നവർക്കു സമയത്തിനു് കോപ്പികൾ കിട്ടത്തക്കവിധത്തിലും, തപാൽക്കൂലി കൂട്ടുമ്പോഴും യാതൊരു നഷ്ടവും പറ്റാത്ത തോതിലുള്ള ചാർജിന്മേലും ഞങ്ങൾ വേല ചെയ്തു കൊടുക്കുന്നതാണ്.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut,
and published by P. V. Kunhi Raman Nayar.
General Editor:—M. Ramunni Nayar, M.A. (Hons.)